
ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# എറണാകുളം മിസ്സം




Vol. 65
No.: 1
JANUARY 2022



www.ernakulamarchdiocese.org



# പുതിയതായി നിർമ്മിച്ച
# സെന്റ് മേരീസ് ഫൊറോന പള്ളി, മൂഴിക്കുളം
# കൂദാശാകർമ്മം 2022 ജനുവരി 1



# എറണാകുളം മിസ്സം

## ERNAKULAM MISSAM

English & Malayalam Monthly

Vol. No. 65 | Issue No. 1 | January 2022 | Rs. 15/-



## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. ലോക സമാധാനദിനം
15. സീറോമലബാർ പ്രേഷിതവാരാചരണം
20. കർഷക ദിനം - കെ.സി.ബി.സി.
24. ക്രിസ്മസ് സന്ദേശം 2021
29. Engagements
31. കച്ചേരിക്കാര്യം
33. നിര്യാതരായി
34. വാർത്തകളും വിശേഷങ്ങളും
35. Department of Catechesis
39. Department of Family Apostolate
40. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)
44. AICO
45. ചിറ്റൂർ ധ്യാനകേന്ദ്രം
46. അതിരൂപതാ ഡയറി


**Editor: Fr. Jose Pollayil**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Jose Pollayil for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Msgr. Mankuzhikary Mathew, Kokkamangalam | 1909 | 1934 | 2-1-2003 |
| Fr. Parakkal Scaria, Kanjoor | 1881 | 1901 | 4-1-1965 |
| Fr. Thayamkery Joseph, Edappally | 1905 | 1933 | 4-1-1986 |
| Fr. Kottackal George, Angamaly | 1930 | 1955 | 5-1-2006 |
| Fr. Pallippadan Joseph, Thirumudikunnu | 1939 | 1967 | 5-1-2020 |
| Fr. Mundadan Jose, Josepuram | 1960 | 1984 | 6-1-2020 |
| Fr. Vattoly Leon TOCD, Kadukutty | 1856 | 1883 | 7-1-1911 |
| Fr. Chakiath Scaria, Thycattussery | 1876 | 1895 | 7-1-1955 |
| Fr. Vattamkandathil George, Vadayar | 1891 | 1924 | 7-1-1967 |
| Fr. Painumkal Mathew, Kandanad | 1942 | 1967 | 8-1-2021 |
| Mar Augustine Kandathil, Chempu | 1874 | 1901 | 10-1-1956 |
| Fr. Thekkinen Joseph, Manjapra | 1928 | 1956 | 11-1-1991 |
| Fr. Narayamparambil John, Thuravoor S. | 1924 | 1950 | 11-1-1997 |
| Fr. Panikkassery John, Panavally | 1888 | 1913 | 13-1-1953 |
| Fr. Mundadan Thariaku, Angamaly | 1868 | 1894 | 16-1-1950 |
| Fr. Chirackal Isaac, Muttom | 1895 | 1922 | 17-1-1962 |
| Fr. Painadeth Kochouseph, Karukutty | 1881 | 1910 | 19-1-1947 |
| Fr. Sankoorikal Elias TOCD, Narakkal | 1851 | 1876 | 21-1-1900 |
| Fr. Thayamkery Jacob, Kumbalam | 1878 | 1913 | 21-1-1944 |
| Fr. Puthenveliyil Jacob, Pallippuram | 1914 | 1948 | 23-1-2012 |
| Fr. Panjikaren Kuriakose, Muttom | 1864 | 1895 | 24-1-1940 |
| Msgr. Chiramel Kuriakose, Kadukutty | 1906 | 1936 | 24-1-1986 |
| Fr. Vadassery Paul, Palluruthy | 1900 | 1929 | 25-1-1978 |
| Fr. Edathichira Thomas, Chalil | 1922 | 1949 | 25-1-2000 |
| Fr. Edathichira Joseph, Chalil | 1937 | 1962 | 28-1-2015 |
| Fr. Antony (Joy) Elamkuttichira | 1936 | 1966 | 29-1-2019 |
| Fr. Chiramel Varkey, Koratty (Meloor) | | | 30-1-1901 |
| Msgr. Naduvathussery Jacob, Aluva | 1883 | 1909 | 30-1-1967 |
| Fr. Kattuparambil Varghese, Kadavanthra | 1953 | 1978 | 30-1-2015 |
| Msgr. Menachery George , Puthenpally | 1894 | 1924 | 31-1-1969 |
| Fr. Menachery Thomas, Karumaloor | 1945 | 1971 | 31-1-2000 |

Ref: 3623 /K-5/KCBC/OL/DS 28-12-2021

# 55- ാമത് ലോക സമാധാനദിനം

## തലമുറകൾ തമ്മിലുള്ള സംഭാഷണം, വിദ്യാഭ്യാസം, തൊഴിൽ: സുസ്ഥിര സമാധാന സംസ്ഥാപനത്തിനുള്ള ഉപകരണങ്ങൾ

### 1. സമാധാനം വിളംബരം ചെയ്യുന്നവന്റെ പാദം മലമുകളിൽ എത്ര മനോഹരമാണ്! (ഏശ 52:7)

ഹിംസയും പീഡനവും സഹിച്ച്, അപമാനത്തിനും മരണത്തിനും വിധേയരാക്കപ്പെട്ട്, ആശയറ്റ് ദിനങ്ങൾ കഴിക്കുന്ന പ്രവാസികളുടെ നെടുവീർപ്പുകൾക്ക് ശബ്ദം നൽകുന്ന ഏശയ്യാ പ്രവാചകന്റെ ആശ്വാസ വചസ്സുകളാണിവ. ബാറൂക്ക് പ്രവാചകൻ അത്ഭുതപ്പെട്ടു: "ഇസ്രായേലേ നീ ശത്രുരാജ്യത്ത് അകപ്പെടാൻ എന്താണ് കാരണം? വിദേശത്തുവച്ച് വാർദ്ധക്യം പ്രാപിക്കുന്നതെന്തുകൊണ്ട്? മൃതരോടൊപ്പം അശുദ്ധരാകാൻ കാരണമെന്ത്? പാതാളത്തിൽ പതിക്കുന്നവരോടൊപ്പം നീ ഗണിക്കപ്പെടുന്നതെന്തുകൊണ്ട്?" (ബാറൂക്ക് 3:10.11) ഇസ്രായേലിലെ ജനങ്ങളെ സംബന്ധിച്ച്, സമാധാന ദൂതന്റെ വരവ് അർത്ഥമാക്കിയത് ചരിത്രത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽ നിന്നുള്ള പുനർജനിയും ശോഭനമായ ഭാവിയുടെ സമാരംഭവുമാണ്.

വി.പോൾ ആറാമൻ സമാധാന മാർഗത്തിന് നൽകിയ പുതിയ പേര് 'സമഗ്ര പുരോഗതി' എന്നാണ്. ഏറെ ദുഃഖകരമെന്ന് പറയട്ടെ, ഇന്ന് അനേകം മനുഷ്യരുടെ ദൈനംദിന ജീവിതത്തിൽനിന്ന് സമാധാനം ഏറെ അകലെയാണ്. അപ്രകാരം ഇന്ന് പരസ്പരം പൂർണമായും ബന്ധിതമായ മനുഷ്യമഹാകുടുംബത്തിൽനിന്ന് അത് വിദൂരത്താണ്. രാഷ്ട്രങ്ങൾക്കിടയിലുള്ള സർഗാത്മകമായ സംഭാഷണം ലക്ഷ്യം വച്ചുകൊണ്ടുള്ള എണ്ണമറ്റ ഉദ്യമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, യുദ്ധങ്ങളുടെയും സംഘട്ടനങ്ങളുടെയും ചെകിടടപ്പിക്കുന്ന ശബ്ദം കൂടുതൽ രൂക്ഷമാവുകയാണ്. മഹാമാരിയുടെ മാനങ്ങളുള്ള അനേകം രോഗങ്ങൾ പടർന്നുപിടിക്കുമ്പോഴും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലങ്ങളും

പരിസ്ഥിതി മലിനീകരണവും ഗുരുതരമായിക്കൊണ്ടിരിക്കുകയാണ്; വിശപ്പും ദാഹവുമെന്ന ദുരന്തം വർദ്ധിക്കുകയാണ്; ഐക്യദാർഢ്യപരമായ പങ്കുവയ്ക്കലല്ല, വ്യക്തികേന്ദ്രീകൃതമായ സാമ്പത്തിക മാതൃകകളാണ് പ്രബലപ്പെട്ടുകൊണ്ടിരിക്കുന്നത്. പണ്ടത്തെ പ്രവാചകന്മാരുടെ കാലത്തെന്നപോലെ നമ്മുടെ ഇക്കാലത്തും കേൾക്കുന്നത് നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള യാചനതന്നെയായ 'പാവപ്പെട്ടവരുടെ കരച്ചിലും ഭൂമിയുടെ കരച്ചിലും' ആണ്. ഓരോ കാലഘട്ടത്തിലും സമാധാനം എന്നത് ഒരേ സമയം ഉന്നതങ്ങളിൽ നിന്നുള്ള ദാനവും, പങ്കുവയ്ക്കപ്പെടുന്ന പ്രതിബദ്ധതയുടെ ഫലവുമാണ്. തീർച്ചയായും നമുക്ക് സമാധാനം എന്ന ഒരു നിർമ്മിതിയെക്കുറിച്ച് സംസാരിക്കാനാവും. സമൂഹത്തിലെ വിവിധ സ്ഥാപനങ്ങൾക്ക് ഇതിലേക്ക് സംഭാവനയർപ്പിക്കാൻ സാധിക്കും. അതുപോലെ, നാം ഓരോരുത്തരും നേരിട്ട് ബന്ധപ്പെടുന്ന സമാധാനമെന്ന കലയെക്കുറിച്ചും പറയാനാവും. കൂടുതൽ ശാന്തിനിറഞ്ഞ ഒരു ലോകത്തിന്റെ സംരചനയിൽ ഏവർക്കും സഹകരിച്ച് പ്രവർത്തിക്കാനാകും. ഇത് സമാരംഭിക്കേണ്ടത് വ്യക്തികളുടെ ഹൃദയങ്ങളിൽനിന്നും കുടുംബാംഗങ്ങളുടെ പരസ്പര ബന്ധങ്ങളിൽ നിന്നുമാണ്. ഒപ്പം, സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിലുള്ള ബന്ധത്തിലും പ്രകൃതിയുമായുള്ള ബന്ധത്തിലും അതുപോലെ, ജനതകൾക്കിടയിലും രാഷ്ട്രങ്ങൾക്കിടയിലും ഈ സുസ്വരത നിലനിൽക്കണം.

നിതാന്തമായ ശാന്തി പുലരുന്നതിനുവേണ്ടി മൂന്നു മാർഗങ്ങൾ നിർദ്ദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്ന്, തലമുറകൾ തമ്മിലുള്ള സംഭാഷണമാണ്. പങ്കുവയ്ക്കപ്പെടുന്ന പദ്ധതികളുടെ സാക്ഷാത്കാരത്തിന് അടിസ്ഥാനമായി അത് വർത്തിക്കും. രണ്ട്, സ്വാതന്ത്ര്യം, ഉത്തരവാദിത്തം, വളർച്ച എന്നീ ഘടകങ്ങളുള്ള വിദ്യാഭ്യാസം. മൂന്നാമതായി മനുഷ്യാന്തസ്സിന്റെ പൂർണ്ണമായ സാക്ഷാത്കാരത്തിനുതകുന്ന തൊഴിൽ. സാമൂഹികമായ ഒരു ഉടമ്പടിയുടെ സംരചനയ്ക്ക്വേണ്ട, ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളാണിവ. ഇവയുടെ അഭാവത്തിൽ ഓരോ സമാധാന പദ്ധതിയും സാരവത്തല്ലാതായിത്തീരും.

## 2. സമാധാനം കെട്ടിപ്പടുക്കുന്നതിനുവേണ്ടി തലമുറകൾ തമ്മിലുള്ള സംഭാഷണം

വിവരണാതീതമായ പ്രശ്നങ്ങൾക്ക് വഴിവച്ച മഹാമാരിയുടെ പിടിയിലമർന്ന ലോകത്ത്, ചിലർ തങ്ങളുടെ ഇടുങ്ങിയ ആവൃതിയിൽ അഭയം പ്രാപിച്ചുകൊണ്ട് യാഥാർഥ്യത്തിൽനിന്ന് ഒളിച്ചോടാൻ ശ്രമിക്കുന്നു. അതേസമയം, മറ്റുചിലർ അതിനോട് പ്രതികരിക്കുന്നത് വിനാശകരമായ ഹിംസയിലൂടെയാണ്. എന്നാൽ, സ്വാർത്ഥമായ നിസ്സംഗതയ്ക്കും ഹിംസാത്മകമായ പ്രതിഷേധങ്ങൾക്കുമിടയിൽ സാധ്യമായ മറ്റൊരു മാർഗം 'ഡയലോഗ്' ആണ്. തലമുറകൾ തമ്മിലുള്ള സംഭാഷണമാണത്.

സത്യസന്ധമായ എല്ലാ സംഭാഷണങ്ങൾക്കും ശരിയായ, ഭാവാത്മകമായ ആശയങ്ങളുടെയും ദർശനങ്ങളുടെയും വിനിമയം എന്നതിനുപുറമെ, പങ്കാളികൾക്കിടയിലുള്ള പരസ്പരവിശ്വാസം ആവശ്യമുണ്ട്. ഈ പരസ്പര വിശ്വാസം വീണ്ടെടുക്കാൻ നാം പഠിക്കണം. ഇക്കാലത്തെ ഈ ആരോഗ്യ പ്രതിസന്ധി നമ്മുടെ ഒറ്റപ്പെടൽ മനോഭാവത്തെയും, തന്നിലേക്ക്തന്നെ ഉൾവലിയാനുള്ള പ്രവണതയെയും വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രായംചെന്നവരുടെ ഏകാന്തതയ്ക്ക് ഒപ്പം നിൽക്കുന്നതാണ് യുവതയുടെ നിസ്സഹായതയും ഭാവിയെക്കുറിച്ചുള്ള ദർശനങ്ങളുടെ അഭാവവും. ഈ പകർച്ചവ്യാധി, തീർച്ചയായും, വേദനാജനകമായിരുന്നു. എന്നാൽ, ജനങ്ങളിലുള്ള ഏറ്റവും മഹത്തായ നന്മ പുറത്തുകൊണ്ടുവരുന്നതിനും അത് സഹായകമായി. മഹാമാരിക്കാലത്ത് കരുണയുടെ ഉദാരവും ഉദാത്തവുമായ അനവധി ഉദാഹരണങ്ങൾ നാം കണ്ടു. പങ്കുവയ്ക്കലും കൂട്ടായ്മയും ലോകത്തിന്റെ എല്ലാ ഭാഗത്തും പ്രകടമായി.

പരസ്പരം ശ്രവിക്കൽ, വിവിധ കാഴ്ചപ്പാടുകളുടെ പങ്കുവയ്ക്കൽ, ധാരണയിൽ എത്തിച്ചേരൽ, പിന്നീടുള്ള ഒന്നിച്ചുപോകൽ എന്നിവയെല്ലാം ഡയലോഗിന്റെ അവിഭാജ്യ ഘടകങ്ങളാണ്. സംഘർഷങ്ങളുടെയും നിസ്സംഗതയുടെയും കഠിനവും ഊഷരവുമായ മണ്ണിനെ ഉഴുതുമറിച്ച് അവിടെ നിതാന്തവും പങ്കുവയ്ക്കപ്പെടുന്നതുമായ ശാന്തിയുടെ

വിത്തുകൾ വിതയ്ക്കുക എന്നത് തലമുറകൾ തമ്മിലുള്ള ഇത്തരം സംഭാഷണങ്ങളെപ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗം തന്നെയാണ്.

സാങ്കേതിക വിദ്യയിലും സാമ്പത്തിക മേഖലയിലും ഉണ്ടായ വളർച്ച മൂലം, തലമുറകൾക്കിടയിൽ ഒരു വിഭജനം ഉണ്ടായിട്ടുണ്ടെങ്കിലും ഇപ്പോഴത്തെ പ്രതിസന്ധി തലമുറകളുടെ പങ്കാളിത്തത്തിന്റെ ആവശ്യ കതയെയാണ് എടുത്തുകാണിക്കുന്നത്. യുവാക്കൾക്ക് മുതിർന്നവരുടെ അറിവും അനുഭവജ്ഞാനവും ആവശ്യമായിരിക്കുന്നതുപോലെ മുതി ർന്നവർക്ക് യുവാക്കളുടെ പിന്തുണയും സ്നേഹവും ഒപ്പം അവർക്കു ണ്ടായിരിക്കുന്ന സർഗാത്മകതയും ചലനാത്മകതയും ആവശ്യമാണ്.

സാമൂഹികമായ വലിയ വെല്ലുവിളികളും സമാധാന പ്രക്രിയകളും സ്മര ണകളുടെ സൂക്ഷിപ്പുകാരായ മുതിർന്നവരും ചരിത്രത്തെ മുന്നോട്ടു നയിക്കേണ്ട യുവാക്കളും തമ്മിലുള്ള സംവാദത്തെ അത്യന്താപേക്ഷി തമാക്കുന്നു. ഇതരർക്ക് ഇടം അനുവദിക്കാൻ ഇരുകൂട്ടരും പരസ്പരം തയ്യാറാവണം. സ്വന്തം സ്ഥാപിത താല്പര്യങ്ങൾ പിന്തുടർന്ന് സമസ്ത മേഖലകളും തങ്ങളുടെ കുത്തകയാക്കണമെന്ന ചിന്ത വെടിയണം. ഭൂതവും ഭാവിയും ഇല്ലെന്ന് ആരും ചിന്തിക്കാതിരിക്കട്ടെ. ആരോഗ്യ കരമായ രാഷ്ട്രീയത്തിന്റെ ചാലകശക്തി തലമുറകൾ തമ്മിലുള്ള പര സ്പര സംഭാഷണമാണെന്ന വസ്തുതയാണ്, നാമിപ്പോൾ അഭിമുഖീ കരിക്കുന്ന ആഗോള പ്രതിസന്ധി വ്യക്തമാക്കുന്നത്. 'ഇന്നത്തെ പ്രശ്ന ങ്ങൾക്ക് താൽക്കാലിക പരിഹാരമോ തട്ടിക്കൂട്ടലോ കൊണ്ടുമാത്രം ആരും തൃപ്തരല്ല', പ്രത്യുത, ഭാവിക്കുവേണ്ടിയുള്ള സുസ്ഥിരവും പങ്കു വയ്ക്കപ്പെടുന്നതുമായ പദ്ധതികൾ ആവിഷ്കരിക്കുന്ന ഉദാത്തമായ പരസ്നേഹത്തിന്റെ മഹിതമാതൃക എന്ന നിലയ്ക്കാണ് അവർ അതിനെ വീക്ഷിക്കുന്നത്.

പ്രശ്നങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും ഇടയിൽ ഇപ്രകാരം തലമുറ കൾ തമ്മിലുള്ള സംഭാഷണം നടത്തുകയാണെങ്കിൽ "വർത്തമാനകാല ത്ത് വേരൂന്നിനിന്നുകൊണ്ട് ഭൂതകാലത്തെ പുനഃസന്ദർശിക്കാനും ഭാ വിയെ ദർശിക്കാനും സാധിക്കും. ഭൂതകാലത്തെ നാം പുനഃസന്ദർശി ക്കുന്നത് ചരിത്രത്തിൽനിന്ന് പഠിക്കുന്നതിനും ഇന്നും നമ്മെ അലട്ടുന്ന

ചില പഴയ മുറിവുകൾ ഉണക്കുന്നതിനും വേണ്ടിയാണ്. ഭാവിയിലേക്ക് നോക്കുന്നത് നമ്മുടെ ഉത്സാഹത്തെ പരിപോഷിപ്പിക്കുന്നതിനും പുതിയ സ്വപ്നങ്ങൾ നെയ്തെടുക്കുന്നതിനും പുതിയ പ്രവചനങ്ങളെ ഉണർത്തുന്നതിനും പ്രത്യാശ പൂവണിയുന്നതിനും ഉപകരിക്കും. ഒരുമിച്ച് നമുക്ക് പങ്കുവച്ച് പഠിക്കാം.വേരുകളില്ലാതെ മരങ്ങൾക്ക് എങ്ങനെയാണ് വളരാനും ഫലം പുറപ്പെടുവിക്കാനും സാധിക്കുക?

നാം നമ്മുടെ പൊതു ഭവനത്തെക്കുറിച്ചുള്ള കരുതലിനെപ്പറ്റി ചിന്തിക്കുക മാത്രമേവേണ്ടൂ. യഥാർത്ഥത്തിൽ, പരിസ്ഥിതി ഓരോ തലമുറയ്ക്കും കടമായി നല്കപ്പെട്ടതാണ്, അടുത്ത തലമുറയ്ക്ക് കൈമാറാൻ വേണ്ടി. കൂടുതൽ നീതിയുക്തമായ, നീതിനിറഞ്ഞ ഒരു ലോകത്തിനുവേണ്ടി പ്രവർത്തിക്കുന്ന യുവാക്കളെ നാം ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. ആ ലോകം നമ്മുടെ കാവലിനും സൂക്ഷിപ്പിനുമായി ഏല്പിക്കപ്പെട്ടിട്ടുള്ള സൃഷ്ടികളോട് കരുണാർദ്രമായ കരുതലുള്ളതാണ്. തികഞ്ഞ ഉത്സാഹത്തോടും ആർജ്ജവത്തോടും കൂടിയാണ് അവർ ഇക്കാര്യം നിർവ്വഹിക്കുന്നത്. ഇന്നത്തെ ധാർമ്മിക സാമൂഹിക പാരിസ്ഥിതിക പ്രതിസന്ധികൾ ഉയർത്തുന്ന വെല്ലുവിളികൾ അനിവാര്യമാക്കുന്ന അടിയന്തരമായ ഗതിമാറ്റമാണ് അവരെ ഉത്തരവാദിത്വബോധമുള്ളവരാക്കുന്നത്.

സമാധാനത്തിന്റെ പാതകൾ കൂട്ടായി നിർമ്മിക്കാനുള്ള സാഹചര്യത്തിന് വിദ്യാഭ്യാസവും തൊഴിലും അവഗണിക്കാനാവില്ല. ഇവ രണ്ടുമാണ് തലമുറകൾ തമ്മിലുള്ള ഡയലോഗിന് വേണ്ട വേദിയും പശ്ചാത്തലവും ഒരുക്കുന്നത്. വിദ്യാഭ്യാസമാണ് തലമുറകൾ തമ്മിലുള്ള ഡയലോഗിന് വേണ്ട വ്യാകരണം നൽകുന്നത്. തൊഴിലിന്റെ അനുഭവം വഴി വിവിധ തലമുറകളിലെ പുരുഷന്മാരും സ്ത്രീകളും പ്രാഗല്ഭ്യവും അനുഭവജ്ഞാനവും നൈപുണ്യവും പങ്കുവയ്ക്കുകയും പൊതുനന്മയെ കരുതി സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള സാധ്യതയെ സാക്ഷാത്കരിക്കുകയും ചെയ്യുന്നു.

## 3. സമാധാനത്തിന്റെ ചാലകശക്തിയായി അധ്യാപനവും വിദ്യാഭ്യാസവും

അടുത്തകാലത്ത് ലോകമാസകലം വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമായി ലഭിച്ചിരുന്ന ഫണ്ടുകളിൽ നിർണ്ണായകമായ ഇടിവുണ്ടായി. ഒരു നിക്ഷേപം എന്നതിനെക്കാൾ ചെലവായിട്ടാണ് ഇവയെ കണക്കാക്കിയിരുന്നത്. എന്നിരുന്നാലും, സമഗ്രമായ മാനുഷിക വികസനത്തിന്റെ പ്രാഥമികമായ ഉപകരണമാണത്. വ്യക്തികളെ കൂടുതൽ സ്വതന്ത്രരും ഉത്തരവാദിത്തമുള്ളവരും ആക്കുന്നത് വിദ്യാഭ്യാസമാണ്. സമാധാനത്തിന്റെ സാധൂകരണത്തിനും ഉന്നമനത്തിനും അത്യന്താപേക്ഷിതമാണത്. ചുരുക്കത്തിൽ, ഒത്തൊരുമയുള്ള ഒരു പൗരസമൂഹത്തിന്റെ അടിസ്ഥാനം അധ്യാപനവും വിശ്വാസവുമാണ്. അവ പ്രത്യാശയും ഐശ്വര്യവും പുരോഗതിയും സൃഷ്ടിക്കുന്നു.

നേരേമറിച്ച്, സൈനികച്ചെലവുകൾ ശീതയുദ്ധാനന്തര കാലത്തേതുമായി തട്ടിച്ചുനോക്കുമ്പോൾ പതിന്മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. ഇനിയും അത് അമിതമായി വർദ്ധിക്കുമെന്ന് ഉറപ്പാണ്. സർക്കാരുകൾ സാമ്പത്തിക നയങ്ങളിൽ കാതലായ മാറ്റംവരുത്തി, വിദ്യാഭ്യാസത്തിനും ആയുധസംഭരണത്തിനുമായി പൊതുഖജനാവിൽ നിന്ന് നീക്കിവയ്ക്കുന്ന വിഹിതങ്ങളിൽ ഒരു വിപരീതാനുപാതം നടപ്പിൽ വരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ആത്മാർത്ഥമായ ഒരു അന്തർദ്ദേശീയ നിരായുധീകരണ പ്രക്രിയായജ്ഞം തുടങ്ങുന്നത് ജനതതികൾക്കും രാഷ്ട്രങ്ങൾക്കും വലിയ നേട്ടമായിരിക്കും. അതുവഴി മാറ്റിവയ്ക്കാൻ കഴിയുന്ന ഫണ്ടുപയോഗിച്ച് ആരോഗ്യപരിരക്ഷ, സ്കൂളുകൾ അടിസ്ഥാനസൗകര്യ വികസനം, ഭൂമിയുടെ പരിരക്ഷ എന്നിവ ഭംഗിയായി നടത്തിക്കൊണ്ടുപോകാൻ കഴിയും.

വിദ്യാഭ്യാസത്തിൽ നടത്തുന്ന മുതൽമുടക്കിനെ തുടർന്ന് കരുതലിന്റെ ഒരു സംസ്കാരം വളർത്തുന്നതിനുള്ള കൂടുതലായ ഉദ്യമങ്ങളും ഉണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. സാമൂഹിക വിഭാഗീകരണങ്ങളും, നിസ്സംഗത പുലർത്തുന്ന സ്ഥാപനങ്ങളും നിലനിൽക്കുന്നതിനിടയിൽ ഇത് ഒരു പൊതു ഭാഷയായി വികസിച്ച് തടസ്സങ്ങളും മതിലുകളും തട്ടിനിരത്തി പരസ്പര ധാരണയുടെ ഒരു പാലം പണിയാൻ അതിടയാക്കും. “ഒരു രാജ്യം തിളങ്ങിവിളങ്ങുന്നത് സർഗാത്മകമായ

സംഭാഷണം സമ്പന്നമായ അതിന്റെ സാംസ്കാരിക ഘടകങ്ങൾക്കിടയിൽ നടക്കുമ്പോഴാണ്. ജനപ്രിയ സംസ്കാരം, സർവ്വകലാശാലാ സംസ്കാരം, യുവജന സംസ്കാരം, കലാസാംസ്കാരം, സാങ്കേതിക സംസ്കാരം, സാമ്പത്തിക സംസ്കാരം, കുടുംബ സംസ്കാരം, മാധ്യമ സംസ്കാരം എന്നിവ സംസ്കാരത്തിന്റെ വിവിധ ഘടകങ്ങളാണ്. ആയതിനാൽ, സംസ്കാരത്തിന്റെ ഒരു നവ മാതൃക വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പുതിയ തലമുറയ്ക്കുവേണ്ടി അവരോടൊപ്പം ചേർന്നുള്ള ഒരു അന്തർദേശീയ ഉടമ്പടിയിലൂടെ ഇത് സാധ്യമാണ്. സമഗ്ര വളർച്ച പ്രാപിക്കുന്ന യുവതീയുവാക്കളെ പരിശീലിപ്പിക്കുന്നതിന് പ്രതിബദ്ധതയോടെ പ്രവർത്തിക്കാൻ കുടുംബങ്ങളെയും സമൂഹത്തെയും സ്കൂളുകളെയും സർവ്വകലാശാലകളെയും സ്ഥാപനങ്ങളെയും മതങ്ങളെയും സർക്കാരുകളെയും മനുഷ്യമഹാകുടുംബത്തെ തന്നെയും ഇതിൽ ഭാഗഭാക്കുകളാക്കണം. സമഗ്രമായ ഈ വിദ്യാഭ്യാസ പദ്ധതിയിൽ, സമഗ്ര പരിസ്ഥിതിശാസ്ത്രം, സമാധാനത്തിന്റെ സാംസ്കാരിക മാതൃക, സാഹോദര്യ കേന്ദ്രിതമായ സുസ്ഥിരവികസനം, മനുഷ്യനും പരിസ്ഥിതിയുമായുള്ള ഉടമ്പടി എന്നീ വിഷയങ്ങൾ ഉൾപ്പെടുന്നു.

പുതിയ തലമുറയുടെ വിദ്യാഭ്യാസത്തിലും പരിശീലനത്തിലും നാം നിക്ഷേപങ്ങൾ നടത്തുക വഴി, അവരുടെ സ്വഭാവ രൂപീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അവരെ നമുക്ക് സഹായിക്കാനാകും. അപ്രകാരം, അവർ അർഹിക്കുന്ന തൊഴിൽ അവർക്ക് സംലഭ്യമാവുകയും ചെയ്യും.

## 4. തൊഴിൽ സൃഷ്ടിക്കുകയും ഉറപ്പാക്കുകയും വഴി സമാധാനം സംജാതമാക്കാം

സമാധാനം സൃഷ്ടിക്കുന്നതിലും പരിപാലിക്കുന്നതിലും തൊഴിൽ ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമാണ്. നമ്മുടെയും നമ്മുടെ താലന്തുകളുടെയും പ്രതിബദ്ധതയുടെയും നിക്ഷേപങ്ങളുടെയും സഹകരണത്തിന്റെയും പ്രകാശനമാണ് നാം ചെയ്യുന്ന തൊഴിൽ. മറ്റുള്ളവർക്കൊപ്പമോ മറ്റൊരാൾക്കുവേണ്ടിയോ ആണല്ലോ നാം സാധാരണയായി ജോലിചെയ്യുക. ഈ സാമൂഹിക പരിപ്രേക്ഷ്യത്തിലൂടെ നോക്കുമ്പോൾ

കൂടുതൽ സുന്ദരവും ജീവിക്കാൻ ഉതകുന്നതുമായ ലോകത്തിന്റെ സംരചനയിൽ സംഭാവനകളർപ്പിക്കാൻ നമ്മുടെ തൊഴിലിടം നമ്മെ പ്രാപ്തരാക്കും.

കോവിഡ് 19 എന്ന മഹാമാരി നമ്മുടെ തൊഴിൽമേഖലകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അനവധി വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു രംഗമാണിത്. ദശലക്ഷക്കണക്കിന് വരുന്ന സാമ്പത്തിക ഉൽപ്പാദന സംരംഭങ്ങൾ പാടേ പരാജയപ്പെട്ടു. ദിവസവേതനക്കാരായ തൊഴിലാളികൾ കൂടുതൽ കഷ്ടത്തിലായി. അവശ്യ സേവന മേഖലകളിൽ തൊഴിലെടുത്തിരുന്നവരുടെ സാമൂഹിക സ്ഥിതി കൂടുതൽ പരിതാപകരമാണ്. വിദൂരവിദ്യാഭ്യാസം മൂലം പഠനത്തിൽ പോരായ്മകളുണ്ടായി. കോഴ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കാനായില്ല. തൊഴിൽ മേഖലയിൽ പ്രവേശിക്കാൻ കാത്തിരിക്കുന്നവരും തൊഴിലില്ലാതായിത്തീർന്ന യുവാക്കളും അഭിമുഖീകരിക്കുന്നത് ഇരുണ്ട ഭാവിയെയാണ്.

അനൗപചാരിക സാമ്പത്തിക മേഖലയിലും സവിശേഷമായ രീതിയിൽ ഈ പ്രതിസന്ധിയുടെ ആഘാതം ഏറെ നാശം വിതച്ചു. അതിഥിത്തൊഴിലാളികളാണ് ഇതിന്റെ ആഘാതം ഏറ്റവുമധികം ഏറ്റുവാങ്ങിയത്. പലരാജ്യങ്ങളും അതിഥിത്തൊഴിലാളികളെ അംഗീകരിച്ചുകൊണ്ടുള്ള നിയമനിർമ്മാണം നടത്തിയിട്ടില്ലാത്തതിനാൽ അവർക്ക് അസ്തിത്വമില്ലാത്ത സ്ഥിതിയാണുള്ളത്. അവരും അവരുടെ കുടുംബങ്ങളും ജീവിക്കുന്നത് വളരെ ദയനീയമായ അവസ്ഥയിലാണ്. പലതരത്തിലുള്ള അടിമത്തങ്ങൾക്കും ഇരയാണവർ. അവരെ സംരക്ഷിക്കുന്നതിനുള്ള യാതൊരുവിധ ക്ഷേമപദ്ധതികളും പലയിടങ്ങളിലുമില്ല. ലോകത്തിലെ തൊഴിലാളികളിൽ മൂന്നിൽ ഒരാൾക്ക് മാത്രമേ സാമൂഹിക സുരക്ഷയുടെ പ്രയോജനം ലഭിക്കുന്നുള്ളൂ. ഹിംസയും സംഘടിതമായ കുറ്റകൃത്യങ്ങളും പലരാജ്യങ്ങളിലും വർദ്ധിച്ചുവരുന്നത് പ്രതികൂലമായി ബാധിക്കുന്നത് മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും അന്തസ്സിനെയുമാണ്. അത് സാമ്പത്തിക വ്യവസ്ഥയെ വിഷലിപ്തമാക്കുകയും പൊതുനന്മയുടെ വളർച്ചയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ഇതി

നുള്ള ഏക പരിഹാരം അന്തസ്സുള്ള തൊഴിലവസരങ്ങളുടെ വികാസ മാണ്.

ഏതൊരു സമൂഹത്തിലും നീതിയും അഖണ്ഡതയും വളർത്തിയെ ടുക്കേണ്ടത് തൊഴിലിന്റെ അടിസ്ഥാനത്തിലായിരിക്കണം. ഇക്കാരണ ത്താൽ, "മനുഷ്യാധ്വാനത്തെ പാടേ ഇല്ലാതാക്കുന്ന സാങ്കേതിക വളർ ച്ച ഉണ്ടാകണമെന്ന ലക്ഷ്യം നാം മുന്നിൽ വയ്ക്കരുത്. അത് മനുഷ്യ വംശത്തിനുതന്നെ നാശകരമായിരിക്കും. തൊഴിൽ ഒഴിച്ചുകൂടാനാവാ ത്തതാണ്. ഈ ഭൂമിയിലെ ജീവിതത്തിന് അർത്ഥം നൽകുന്ന മുഖ്യ ഘടകമാണത്. വളർച്ചയിലേക്കും മാനുഷികമായ വികാസത്തിലേക്കും വ്യക്തിപരമായ സാഫല്യത്തിലേക്കുമുള്ള പാതയാണത്. നമ്മുടെ ആശ യങ്ങളും പരിശ്രമങ്ങളും സമന്വയിപ്പിച്ചുകൊണ്ട് പ്രശ്നങ്ങൾക്കുള്ള പരിഹാരം കണ്ടെത്തി തൊഴിലെടുക്കാൻ തക്ക പ്രായമുള്ളവർക്കൊ ക്കെതൊഴിൽ ചെയ്യാനുള്ള അവസരം ലഭ്യമാക്കണം. അപ്രകാരം ഓരോരുത്തരുടെയും കുടുംബജീവിതത്തിലേക്കും സമൂഹത്തിന് മൊത്തത്തിലും സേവനമർപ്പിക്കാൻ സാഹചര്യം സൃഷ്ടിക്കപ്പെടും.

മറ്റെല്ലാ കാലത്തെയുംകാൾ ലോകത്താകമാനം മെച്ചപ്പെട്ടതും അന്ത സ്സാർന്നതുമായ തൊഴിൽസാഹചര്യം ഉറപ്പാക്കുന്നതിന് അടിയന്തിര പ്രാധാന്യമുണ്ട്. അത് പൊതു നന്മയെ ലക്ഷ്യം വെയ്ക്കുന്നതും സൃഷ്ടി യെ ആകെ പരിപാലിക്കുന്നതുമായിരിക്കണം. ബിസിനസ് സംരംഭകരുടെ ഉദ്യമങ്ങളെ ഉറപ്പാക്കുകയും പിന്തുണയ്ക്കുകയും വേണം. അതേസമയം, സാമൂഹിക ഉത്തരവാദിത്വത്തെക്കുറിച്ച് നവമായൊരു അവബോധം അത്യാവശ്യമായും പ്രോത്സാഹിക്കപ്പെടണം. അതുവഴി ലാഭം മാത്രമാണ് ഏകചാലകശക്തി എന്ന മാനദണ്ഡം ഇല്ലാതാവും.

ഇതിന്റെ വെളിച്ചത്തിൽ തൊഴിലാളികളുടെ മൗലികാവകാശങ്ങളെ ആദരിക്കുന്നതിലേക്കു നയിക്കുന്ന എല്ലാ ഉദ്യമങ്ങളെയും പ്രോത്സാ ഹിപ്പിക്കുകയും സ്വാഗതംചെയ്യുകയും പിന്തുണയ്ക്കുകയും വേണം. ഇതിനെക്കുറിച്ചുള്ള അവബോധം, കമ്പനികളെയും സ്ഥാപനങ്ങളെയും ഉപഭോക്താക്കളിലും പൗരസമൂഹത്തിലും സംരംഭകരുടെ തലത്തിലും വളർത്തിയെടുക്കണം. സമൂഹത്തിൽ തങ്ങളുടെ സ്ഥാനം ശരിയായി

മനസ്സിലാക്കുന്ന സംരംഭകർ തങ്ങളുടെ സ്ഥാപനങ്ങളെ മനുഷ്യാന്ത സ്സിനെ ആദരിക്കുന്ന ഇടങ്ങളായി കണക്കാക്കും. അതുവഴി അവരും സമാധാന സംസ്ഥാപനത്തിൽ പങ്കാളികളാവും. ഇവിടെ രാഷ്ട്രീയ ത്തിന് നിർണായകമായ പങ്കുവഹിക്കാനാവും. സാമ്പത്തിക സ്വാത ന്ത്ര്യവും സാമൂഹികനീതിയും തമ്മിലുള്ള നീതിപൂർവ്വകമായ ഒരു പൊരുത്തം ഉണ്ടാവണം. കത്തോലിക്കാ തൊഴിലാളികൾ, സംരംഭകർ തുടങ്ങി ഈ മേഖലയിലുള്ള എല്ലാവർക്കും മാർഗദർശനം നല്കാൻ പര്യാപ്തമാണ് സഭയുടെ സാമൂഹിക പ്രബോധനങ്ങൾ.

പ്രിയ സഹോദരീസഹോദരന്മാരേ, മഹാമാരിയിൽ നിന്നും രക്ഷനേടാൻ നാം സഹകരിച്ച് സംഘാതമായി നമ്മുടെ പ്രവർത്തനങ്ങളെ ഏകോ പിപ്പിച്ച് മുന്നോട്ടു പോകുമ്പോൾ ഉദാരമായി ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്ന എല്ലവരോടുമുള്ള എന്റെ കൃതജ്ഞത ഞാൻ വീണ്ടും നവീകരിക്കുന്നു. വിദ്യാഭ്യാസം, സുരക്ഷ, അവകാശസംരക്ഷണം ആരോഗ്യപരിരക്ഷ, കുടുംബങ്ങളുടെയും രോഗികളുടെയും ശുശ്രൂഷ, ജീവകാരുണ്യ പ്രവർത്തനം, തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധി വാസം എന്നീ മേഖലകളിൽ സേവനം ചെയ്യുന്ന സർവരെയും നന്ദി പൂർവം സ്മരിക്കുന്നു. കഷ്ടപ്പാടനുഭവിക്കുന്ന സകലരെയും അവരുടെ കുടുംബങ്ങളെയും എന്റെ പ്രാർത്ഥനകളിൽ ഓർമ്മിക്കുന്നു.

സർക്കാരിലെ നേതാക്കളോടും രാഷ്ട്രീയ സാമൂഹികമേഖലകളിലെ ഉത്തരവാദിത്വപ്പെട്ടവരോടും പുരോഹിതരോടും അജപാലകരോടും സന്മനസ്സുള്ള സകല സ്ത്രീപുരുഷന്മാരോടും ഞാൻ അഭ്യർത്ഥിക്കുന്നു. ധീരതയോടും സർഗാത്മകതയോടും തലമുറകൾ തമ്മിലുള്ള സംവാ ദത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും തൊഴിലിന്റെയും പാതയിൽ ഒന്നിച്ചു നടന്നു നീങ്ങാം. എളിമയോടും ധീരതയോടും കൂടെ കൂടു തൽ കൂടുതൽ പുരുഷന്മാരും സ്ത്രീകളും സമാധാനത്തിന്റെ ശില്പി കളായിത്തീരട്ടെ! സാമാധാനത്തിന്റെ ദൈവം അവരെ പ്രചോദിപ്പിക്കു കയും അവരിൽ അനുഗ്രഹം വർഷിക്കുകയും ചെയ്യട്ടെ!

വത്തിക്കാനിൽ നിന്ന്, 8 ഡിസംബർ 2021

**ഫ്രാൻസിസ് പാപ്പാ**

Prot. No. 1325/2021

# സർക്കുലർ

## സീറോമലബാർ പ്രേഷിതവാരാചരണം 2022

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

കർദിനാൾ മാർ ജോർജ് ആലഞ്ചേരി

തന്റെ സഹശുശ്രൂഷകരായ

മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും

വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക്

ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനുംഎഴുതുന്നത്.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

എ.ഡി. 72-ൽ മൈലാപ്പൂരിൽ രക്തസാക്ഷിത്വം വരിച്ച മാർതോമാശ്ലീഹായുടെ പ്രേഷിത പ്രവർത്തനത്തിലൂടെയാണല്ലോ ഭാരതത്തിൽ ക്രൈസ്തവരുടെ സമൂഹം ആദ്യമായി രൂപം കൊണ്ടത്. 2022-ാമാണ്ടിൽ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം നാം ആചരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ഈ വർഷത്തെ നമ്മുടെ പ്രേഷിതവാരാചരണത്തിനു കൂടുതൽ പ്രാധാന്യം കൈവരുന്നു. ജനുവരി ആറാം തിയതി ദനഹാതിരുന്നാൾ മുതൽ പന്ത്രണ്ടാം തിയതി വരെയാണ് ഈ വർഷം മിഷൻവാരം ആചരിക്കുന്നത്. 'മിഷനെ അറിയുക, മിഷനറിയാകുക' എന്നതാണ് പ്രേഷിതവാരാചരണത്തിന്റെ ആപ്തവാക്യം. പ്രേഷിതവാരാചരണം നമ്മുടെ പിതാവായ മാർതോമാശ്ലീഹായെ കൂടുതൽ അറിയുന്നതിനും ശ്ലീഹായുടെ പ്രേഷിതതീക്ഷ്ണതയിൽനിന്നു പ്രചോദനമുൾക്കൊള്ളുന്നതിനുമുള്ള പ്രത്യേക അവസരമായി നമുക്കു പരിഗണിക്കാം.

ചരിത്രത്തിലെ ഈശോയോടൊപ്പം സഞ്ചരിക്കുകയും ജീവിക്കുകയും ചെയ്ത തോമാശ്ലീഹാ താൻ അനുഭവിച്ചറിഞ്ഞ രക്ഷകനെ മാർ വാലാഹ് - എന്റെ കർത്താവേ, എന്റെ ദൈവമേ! (യോഹ. 20:28) എന്ന് ഏറ്റുപറയുകയും മരണംവരെ പ്രഘോഷിക്കുകയും ചെയ്തു. എതിർപ്പുകൾ നേരിടേണ്ടിവന്നപ്പോൾ തോമാശ്ലീഹാ തന്റെ ദൗത്യം ഉപേക്ഷിക്കുകയോ സുരക്ഷിതസങ്കേതത്തിലേയ്ക്കു പിന്മാറുകയോ ചെയ്തില്ല. മറിച്ച് പ്രതിബന്ധങ്ങളെ അതിജീവിച്ച് ക്രൈസ്തവസമൂഹങ്ങൾ സ്ഥാപിച്ചുകൊണ്ടു തന്റെ പ്രേഷിതദൗത്യത്തിൽ മുന്നേറി. തോമാശ്ലീഹാ രൂപീകരിച്ച ക്രൈസ്തവസമൂഹങ്ങളും അദ്ദേഹത്തിന്റെ പ്രേഷിതദർശനങ്ങൾ സ്വാംശീകരിക്കുകയും പ്രതിബന്ധങ്ങളെ അതിജീവിച്ചു സുവിശേഷത്തിന് സാക്ഷ്യംവഹിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ സഭയിലെ ധാരാളം പ്രേഷിതർ ലോകമെമ്പാടുമുള്ള പ്രേഷിതപ്രവർത്തനങ്ങളിൽ ഇന്നും സജീവസാന്നിദ്ധ്യമാണ്. തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ട ആ തീക്ഷ്ണത ഇന്നും നിലനില്ക്കുന്നു എന്നതിന്റെ തെളിവാണത്. പീഡനങ്ങളെയും അവഗണനകളെയും പ്രതിലോമശക്തികളെയും അതിജീവിച്ചു സുവിശേഷം ജീവിക്കുകയും വിശ്വസ്തയോടെ സാക്ഷ്യപ്പെടുത്തുകയും ചെയ്യുമ്പോൾ, സഭ എല്ലാക്കാലങ്ങളിലും ഫലം കായ്ക്കുന്ന അത്തിവൃക്ഷമായിത്തീരും (മർക്കോ. 11: 12-14, 2 തിമോ. 4: 2).

മാർതോമ്മാ ക്രിസ്ത്യാനികൾ ഭാരതസംസ്ക്കാരത്തിന്റെ ഭാഗമായി തുടരുന്നതിനുള്ള പ്രധാന കാരണം തോമാശ്ലീഹാ സുവിശേഷം ഈ സമൂഹത്തിൽ അടിച്ചേല്പ്പിക്കാതെ ഇവിടത്തെ സംസ്ക്കാരത്തിലേക്ക് അനുരൂപണംചെയ്ത് അത് അവതരിപ്പിച്ചു എന്നതാണ്. ഏതൊരു സംസ്കാരവും ഭാഷയും മറ്റൊരിടത്തേക്ക് പറിച്ചുനട്ടാൽ ആ സംസ്കാരത്തിൽ മതിലുകൾ സൃഷ്ടിക്കപ്പെടും. തങ്ങളുടെ ദൗത്യം ഫലപ്രദമാക്കാൻ തങ്ങൾ ആയിരിക്കുന്ന പ്രേഷിതമേഖലകളിലെ സംസ്ക്കാരത്തോടും ഭാഷയോടും മിഷനറിമാർ പൊരുത്തപ്പെടേണ്ടത് അനിവാര്യമാണ്.

സുവിശേഷം അറിഞ്ഞവരെ പരിപാലിക്കുക എന്നതു മാത്രമായി സഭയുടെ അജപാലന പ്രവർത്തനങ്ങളെ പരിമിതപ്പെടുത്താൻ കഴിയി

ല്ല. ഒരു സഭാസമൂഹത്തിന്റെ പക്വതയുടെ വ്യക്തമായ അടയാളമാണു മിഷനറി പ്രവർത്തനങ്ങൾ (വെർബും ദോമിനി, 95). ദൈവവചനം പ്രത്യക്ഷമായി പ്രഘോഷിക്കേണ്ട ഒന്നാണ്. പീഡനത്തിന്റെ അപകടസാധ്യതകളിൽപോലും വചനം പ്രഘോഷിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗങ്ങൾ നിരന്തരം അന്വേഷിച്ചുകൊണ്ട് ഓരോ വ്യക്തിയെയും ആത്മാവിന്റെ ശക്തിയിൽ കണ്ടുമുട്ടാൻ സഭ പുറപ്പെടണം (1 കോറി. 2:5). രക്ഷയുടെ വചനം ഓരോ വ്യക്തിയോടും പ്രഘോഷിക്കാൻ സഭ കടപ്പെട്ടിരിക്കുന്നു. (റോമ. 1:14). തോമാശ്ലീഹാ ഒരിക്കലും മരണത്തെ ഭയപ്പെട്ടിരുന്നില്ല. അതുപോലെ ഒരു യഥാർത്ഥ മിഷനറി പീഡനങ്ങളെയോ മരണത്തെയോ ഭയപ്പെടേണ്ടതില്ല. ഇന്നിന്റെ പ്രതിസന്ധികളിൽ പ്രചോദനമാകേണ്ടത് തോമാശ്ലീഹായുടെ ഈ ധൈര്യവും പ്രേഷിതതീക്ഷ്ണതയുമാണ്. ഫ്രാൻസിസ് മാർപാപ്പാ 2021 ലെ ലോകമിഷൻഞായർ സന്ദേശത്തിൽ, ആദിമക്രൈസ്തവർ ആ കാലഘട്ടത്തിൽ അവർക്കുണ്ടായിരുന്ന ഭയത്തിനും അടച്ചുപൂട്ടി കഴിയാനുണ്ടായിരുന്ന പ്രലോഭനത്തിനും കീഴടങ്ങാതെ, കർത്താവിലേക്കും അവിടന്നു നല്കിയ 'പുതുജീവിതത്തിലേയ്ക്കും' ആകർഷിക്കപ്പെട്ടതിനെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. ജനങ്ങൾക്കിടയിലേക്കു നിസ്വാർത്ഥ സ്നേഹത്തോടെയും സേവനമനോഭാവത്തോടെയും കർത്താവിന്റെ നാമത്തിൽ ഇറങ്ങിച്ചെല്ലുകയും തങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത 'ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു' (അപ്പ. 4:20) എന്ന യാഥാർത്ഥ്യത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്യുക എന്നതായിരുന്നു അവരുടെ പുതുജീവിതം. ഇതുതന്നെയാണ് ഈ കാലഘട്ടത്തിലും സുവിശേഷ പ്രഘോഷണത്തിൽ നാം സ്വായത്തമാക്കേണ്ട മനോഭാവം.

സീറോമലബാർസഭയ്ക്കു സുവിശേഷപ്രഘോഷണത്തിനും അജപാലനശുശ്രൂഷയ്ക്കുമുള്ള സാധ്യത ഫ്രാൻസിസ് മാർപാപ്പ ഭാരതം മുഴുവനിലേയ്ക്കും വ്യാപിപ്പിച്ചു നൽകിയിരിക്കുന്ന സാഹചര്യത്തിൽ അപ്പസ്തോലനായ തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനശൈലി പിന്തുടർന്നുകൊണ്ടു ക്രൈസ്തവസമൂഹങ്ങൾ രൂപീകരിക്കാൻ നമുക്കു പ്രത്യേക കടമയുണ്ട്. തോമാശ്ലീഹായുടെ പ്രേഷിതതീക്ഷ്ണത എല്ലാ

വിശ്വാസികളും സ്വന്തമാക്കണം. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ എല്ലാ ഇടവകകളും പരസ്പരം സഹകരിക്കണം. മിഷൻമേഖലകളിൽ ശുശ്രൂഷചെയ്യാൻ വൈദികരും സന്യസ്തരും അല്മായപ്രേഷിതരും കൂടുതലായി മുന്നോട്ടു വരികയും അവർക്കായി പരിശീലനപരിപാടി രൂപകല്പ്പന ചെയ്യുകയും ചെയ്യേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്.

പ്രേഷിതാവബോധവും സഭയുടെ ശുശ്രൂഷകളിലെ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്നതിനു സാമൂഹ്യമാധ്യമങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ വ്യാപിപ്പിക്കുന്നതിനുള്ള കർമപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ രൂപീകൃതമായിരിക്കുന്ന കമ്മീഷൻ ഫോർ ഇവാഞ്ചലൈസേഷനും സീറോമലബാർ മിഷൻ ഓഫീസും സഭാകാര്യാലയത്തിൽ പ്രവർത്തിക്കുന്നു. പ്രേഷിതാവബോധം സഭാമക്കളിൽ പകരണമെന്ന ഉദ്ദേശ്യത്തോടെ സീറോമലബാർ മിഷനും മതബോധന കമ്മീഷനും സംയുക്തമായി നടത്തുന്ന 2022 ജനുവരി ഒൻപതാം തീയതിയിലെ ഓൺലൈൻ മിഷൻ ക്വിസ് പരിപാടിയിൽ സാധിക്കുന്നവരെല്ലാം പങ്കെടുക്കണം.

സഭയുടെ പ്രേഷിതപ്രവർത്തനം ഇപ്പോഴത്തെ മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികളിലും സജീവമായി മുന്നോട്ടു പോകുന്നതിന്റെ പ്രധാന കാരണം മിഷനറിമാരായി പ്രവർത്തിക്കുന്ന വൈദികരുടെയും സമർപ്പിതരുടെയും അല്മായപ്രേഷിതരുടെയും വർദ്ധിച്ച തീക്ഷ്ണത തന്നെയാണ്. സുവിശേഷവത്ക്കരണത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ നമുക്കു പ്രാർത്ഥനയിൽ സ്മരിക്കുകയും സാധ്യമായ സഹകരണത്തിലൂടെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. അയയ്ക്കപ്പെടാൻ ഒരുക്കപ്പെട്ടിരുന്ന ശ്ലീഹന്മാരുടെ മനോഗതമറിഞ്ഞ് സെഹിയോൻശാലയിൽ അവരെ ശക്തിപ്പെടുത്തിയ പരിശുദ്ധ അമ്മ പ്രേഷിതപ്രവർത്തനങ്ങളിൽ മുന്നേറാൻ നമുക്കായി മാധ്യസ്ഥ്യം വഹിക്കട്ടെ. നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ മാധ്യസ്ഥ്യം പ്രേഷിതസംരംഭങ്ങളിൽ നമുക്കു ശക്തി നൽകട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2021-ാം ആണ്ട് മാസം ഡിസംബർ 18-ാം തീയതി നൽകപ്പെട്ടത്.

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

........................................

N.B.: 1. 2022 ജനുവരി 02-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

2. സീറോമലബാർ പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ 2022 ഫെബ്രുവരി 28-നകം അതിരൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

Ref: 3624 /K-5/KCBC/OL/DS 28-12-2021

# 2022 ജനുവരി 15 കർഷകദിനം

## കെ.സി.ബി.സി. ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ രാജ്യത്തെ ജനസംഖ്യയുടെ ഭൂരിപക്ഷം വരുന്ന കർഷകരും, അവരുടെ ജീവിതം തന്നെയായ കാർഷിക മേഖലയും, സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെ അനുദിനം കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കാലാവസ്ഥാ വ്യതിയാനവും, പ്രകൃതിക്ഷോഭങ്ങളും, വന്യമൃഗ വ്യവഹാരങ്ങളുമൊക്കെയായി പ്രകൃതിതന്നെ നൽകുന്ന ആപത്സൂചനകൾ ഒട്ടും ശുഭകരമല്ല. അതോടൊപ്പം രാജ്യത്തെ കർഷകരെ മുഴുവൻ ആശങ്കയിലാഴ്ത്തുന്നതായിരുന്നു 2020 സെപ്റ്റംബറിൽ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ കാർഷിക നിയമങ്ങൾ. കർഷകരെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് രക്ഷിക്കുക, തങ്ങളുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിൽപ്പനയ്ക്കെത്തിക്കാൻ കർഷകനെ പ്രാപ്തരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഇത് നടപ്പാക്കിയതെങ്കിലും, കാർഷികോൽപ്പന്നങ്ങൾക്ക് മിനിമം താങ്ങുവില ഉറപ്പുവരുത്താൻ ഇതിലൂടെ സാധിച്ചിരുന്നില്ല. ഇതിനെത്തുടർന്ന് ആരംഭിച്ച കർഷകപ്രതിഷേധത്തിന്റെ ഭാഗമായി കഴിഞ്ഞ ജനുവരി 15 'കിസാൻ അധികാർ ദിവസ്' അഥവാ 'കർഷക അവകാശ ദിന'മായി പ്രഖ്യാപിച്ചിരുന്നു. ഏകദേശം ഒരു വർഷത്തോളം നീണ്ട സമരഫലമായി കർഷകരുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് പ്രസ്തുത നിയമങ്ങൾ പിൻവലിച്ച സർക്കാർ നടപടി കർഷകരെ സംബന്ധിച്ച് ശുഭസൂചനയാണ്.

കർഷക സഹോദരങ്ങൾക്ക് വേണ്ടി എന്നും ഉറച്ച നിലപാടെടുക്കാൻ സഭയെ പ്രേരിപ്പിക്കുന്നത് പ്രകൃതിയുടെ മഹത്വത്തെയും, ജീവസന്ധാരണത്തിൽ കാർഷികവൃത്തിയുടെ പ്രാധാന്യത്തെയും കുറിച്ച് സഭയ്ക്കുള്ള ദൈവശാസ്ത്രപരമായ കാഴ്ചപ്പാടാണ്. 'സൂക്ഷ്മതയോടെ മെനയുകയും സൃഷ്ടിക്കുകയും ഉരുവാക്കുകയും അറിയുകയും കാണുകയും ചെയ്യുന്ന' സൃഷ്ടാവിനെ പ്രകീർത്തിക്കുന്ന സങ്കീർത്തനമാണ് 139. സഭാപിതാവായ വി. ആഗസ്തീനോസ് 'ഉൽപത്തിയുടെ വാച്യാർ

ത്ഥം' (De Genesi ad litteram) എന്ന ഗ്രന്ഥത്തിൽ സൃഷ്ടിയെ അതിന്റെ ശ്രേഷ്ഠതയിലും വൈവിധ്യത്തിലും വിവരിക്കുന്നുണ്ട്. പ്രപഞ്ചത്തിലെ ആദ്യ കർഷകനായി പിതാവായ ദൈവത്തെ തന്നെയാണ് വിശുദ്ധ ഗ്രന്ഥം വരച്ചുകാണിക്കുന്നത്. തന്റെ മനസ്സിലുള്ള വർണ്ണശബളമായ സ്വപ്നങ്ങളെ സൃഷ്ടികർമ്മത്തിലൂടെ പ്രപഞ്ചമാകുന്ന കൃഷിയിടത്തിൽ ആദ്യവിത്തുകളായി വിതച്ച് അവ മുളപൊട്ടുന്നത് കണ്ട് സന്തോഷിക്കുന്ന സർവ്വോദാരനായ കർഷകൻ. ആ ഒരു പശ്ചാത്തലം മനസ്സിൽ സൂക്ഷിക്കുന്ന യഹൂദരോടാണ് ഈശോ വിതക്കാരന്റെ ഉപമ പറഞ്ഞതും, പിതാവായ കൃഷിക്കാരനിൽ നിന്ന് താൻ കണ്ടറിഞ്ഞ സ്വർഗ്ഗീയ രഹസ്യങ്ങൾ മണ്ണിന്റെയും മരത്തിന്റെയും ഫലങ്ങളുടെയും വിളവെടുപ്പിന്റെയും കളയുടെയുമൊക്കെ ഭാഷയിലൂടെ അവരെ പഠിപ്പിക്കുന്നതും. അങ്ങനെ കൃഷിയെ പിതാവായ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലുള്ള പങ്കുചേരലായാണ് സഭ കാണുന്നത്.

ഞാറ്റുവേല കൃഷിയിറക്കുന്നതും, പക്കം നോക്കി മരം വെട്ടുന്നതുമുൾപ്പെടെ പരമ്പരാഗതമായി നാം തുടരുന്ന കാർഷിക രീതികളെല്ലാം പ്രകൃതിയെ സൂഷ്മമായി നിരീക്ഷിച്ച് നേടിയ ശാസ്ത്രീയ ജ്ഞാനത്തിന്റെ ക്രിയാത്മകമായ ഉപയോഗമാണ്. പ്രകൃതിയെക്കുറിച്ചും അതിന്റെ പ്രതിഭാസങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങളെക്കുറിച്ചുമുള്ള അറിവ് സർവ്വ ജീവജാലങ്ങളുടെയും നിലനിൽപ്പിനായി പ്രയോജനപ്പെടുത്തുന്നതിനെയാണ് ശാസ്ത്രീയജ്ഞാനം എന്ന് വിളിക്കുന്നത്. അത്തരത്തിൽ മനുഷ്യൻ ആദ്യമായി ശാസ്ത്രീയ മുന്നേറ്റം നടത്തിയത് കാർഷിക മേഖലയിലായിരുന്നു എന്നത് നിസ്തർക്കമാണ്. കാരണം നായാട്ടിന്റെ അപരിഷ്കൃത വേഷങ്ങളുപേക്ഷിച്ച് പ്രകൃതിയെക്കുറിച്ചുള്ള ശാസ്ത്രീയമായ അറിവുകളുടെ വെളിച്ചത്തിൽ പരിഷ്കൃത സമൂഹമായി നമ്മെ രൂപാന്തരപ്പെടുത്തിയത് കാർഷിക സംസ്കാരമാണ്.

'കർഷകൻ ഉഴുതുണ്ണുമ്പോൾ മറ്റുള്ളവർ തൊഴുതുണ്ണുന്നു' എന്ന് തമിഴ് കവി തിരുവള്ളുവർ പാടിയിട്ടുണ്ട്. പ്രകൃതിയും ദൈവവുമൊഴികെ മറ്റൊരു യജമാനന്റെ കീഴിലും ജോലി ചെയ്തല്ല കർഷകൻ അന്നം സമ്പാദിക്കുന്നത് എന്നാണ് ഇതിനർത്ഥം. എന്നാൽ ഇന്ന്, മാറിമാറി വരുന്ന രാഷ്ട്രീയ-ഉദ്യോഗസ്ഥ വൃന്ദങ്ങളുടെ മുമ്പിൽ നമ്മുടെ കർഷകർ തൊഴുതു നിൽക്കേണ്ടിവരുന്ന അനീതിയ്ക്കെതിരേ ശബ്ദമുയർത്താതിരിക്കാൻ സഭയ്ക്കാവില്ല. കർഷകപെൻഷൻ, വിലത്തകർച്ച, പട്ടയപ്രശ്നം, പരിസ്ഥിതിലോല മേഖലകളുടെ പ്രഖ്യാപനം, വന്യമൃഗ

ശല്യം തുടങ്ങിയ നിരവധി പ്രശ്നങ്ങൾ കർഷകരെ നിരന്തരം വലയ്ക്കുകയാണ്. മണ്ണിലിറങ്ങി പ്രകൃതിയെ പടുത്തുയർത്തുകയും പുനർനിർമ്മിക്കുകയും ചെയ്ത് സൃഷ്ടിപരത കാഴ്ചവയ്ക്കുന്ന കർഷകന്റെ ശക്തി 'ആംചെയർ പ്രകൃതിസംരക്ഷണവും,' 'ഡെസ്ക്ടോപ്പ് പരിസ്ഥിതി സ്നേഹവും' അവകാശപ്പെടുന്നവർക്ക്, മനസ്സിലാകണമെങ്കിൽ കർഷകർ ജാതി-മത-രാഷ്ട്രീയ വ്യത്യാസമില്ലാതെ സംഘടിച്ചേ തീരൂ. കർഷകരെ ഒന്നിച്ച് നിർത്തുന്നതിനും, അധികാരികൾക്കു മുന്നിൽ അവരുടെ ശബ്ദം ഉയർന്ന് കേൾക്കുന്നതിനും ഇൻഫാമിന്റെ നേതൃത്വത്തിൽ നടത്തുന്ന മുന്നേറ്റങ്ങൾക്ക് കൂടുതൽ ശക്തമായ പിന്തുണ ലഭിച്ചേ മതിയാകൂ. കർഷകരോടുള്ള അനീതിക്ക് കൃത്യമായ പരിഹാരം നേടിയെടുക്കാൻ പര്യാപ്തമായ മികച്ച ലീഗൽ ടീമിനെ വളർത്തിയെടുക്കേണ്ടതുണ്ട്. ജനിച്ച മണ്ണിൽ ജീവിക്കാൻ പാടുപെടുന്ന കർഷകരേക്കാൾ പരിഗണന കാട്ടുമൃഗങ്ങൾക്ക് ലഭിക്കുന്നത് കാണുമ്പോൾ, മലയോര കർഷകരെ സംരക്ഷിത പട്ടികയിൽ പെട്ട കാട്ടുമൃഗമായെങ്കിലും പ്രഖ്യാപിക്കാമോ എന്ന ചോദ്യം മനസ്സിലുയരുന്നു.

ജനുവരി 15 കേരള സഭ കർഷക ദിനമായി ആചരിക്കുകയാണ്. എല്ലാ രൂപതകളും ഇടവകകളും കർഷകദിനം സമുചിതമായി ആചരിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യുമല്ലോ. ഇൻഫാം യൂണിറ്റുകളില്ലാത്ത എല്ലാ ഇടവകകളിലും പുതിയ യൂണിറ്റുകൾ സ്ഥാപിക്കാൻ രൂപതാ ഡയറക്ടർമാരും ഇടവകവികാരിമാരും മുൻകൈയെടുക്കണം. ഓരോ യൂണിറ്റും ഓരോ സ്വയം സംരംഭക സംഘമായി രജിസ്റ്റർ ചെയ്ത്, ഗുണമേന്മയുള്ള കാർഷികോത്പന്നങ്ങൾ വിപണിയിലെത്തിച്ച്, പരസ്പര സഹകരണത്തോടെ സ്വയംപര്യാപ്തത കൈവരിക്കാനുള്ള അവസരമായി ഇത് പ്രയോജനപ്പെടുത്തണം. കർഷകദിനത്തോടനുബന്ധിച്ച് കാർഷിക സെമിനാർ, കാർഷിക മേള തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്. മാതൃകാ കർഷകരെ ആദരിക്കാനും, മനസ്സുമടുത്ത് കൃഷിയിൽ നിന്ന് പിന്തിരിയുന്നവർക്ക് കൃഷിയിലേക്ക് മടങ്ങിവരുന്നതിനാവശ്യമായ പ്രോത്സാഹനം നൽകാനും, പുതിയ തലമുറയെ കാർഷിക വൃത്തിയിലേക്ക് ആകർഷിക്കാനുമുതകുന്ന പ്രവർത്തനങ്ങൾ നടത്തുകയും വേണം.

കർഷകരെ സഹായിക്കുന്നതിന് വേണ്ടി വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിക്കുകയും അവരുടെ നിരവധിയായ പ്രശ്നങ്ങൾ അധികാരികളുടെ മുന്നിലെത്തിക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കു

കയും ചെയ്യുന്ന എല്ലാ സംഘടനകളെയും അവയുടെ രക്ഷാധികാരികളായ അഭിവന്ദ്യ പിതാക്കന്മാരെയും ബഹുമാനപ്പെട്ട വൈദികരെയും സന്യസ്തരെയും കാർഷിക നേതാക്കന്മാരെയും നന്ദിയോടെ സ്മരിക്കുന്നു. പൂർവ്വികർ നമുക്ക് കാണിച്ചുതന്ന കാർഷിക സംസ്കാരം പിന്തുടർന്ന് പ്രകൃതിയേയും സർവ്വ ജീവജാലങ്ങളെയും സ്നേഹിക്കുന്ന ഒരു പുതിയ തലമുറ ഇവിടെ വളർന്നുവരട്ടെ. കൃഷിയേയും, കർഷകരേയും പരിഗണിയ്ക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു ഭരണകൂടം, കർഷകർക്ക് താങ്ങും തണലുമായി എപ്പോഴുമുണ്ടായിരിക്കട്ടെയെന്ന് നമുക്ക് പ്രത്യാശിക്കാം. ധാർമ്മികതയും മൂല്യവുമുള്ള ഒരു കാർഷിക സംസ്കാരം വളർത്തിയെടുക്കാൻ നമുക്കൊന്നിച്ച് പരിശ്രമിക്കാം.

നമ്മെ സൃഷ്ടിച്ച് പരിപാലിക്കുന്ന സർവ്വശക്തനായ ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
ഇൻഫാം ദേശീയ രക്ഷാധികാരി

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

......................................

N.B: ഈ സർക്കുലർ 2021 ജനുവരി 9-ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കുർബാന മദ്ധ്യേ വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിശ്വാസിസമൂഹത്തിന് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# ക്രിസ്മസ് സന്ദേശം 2021

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ, കുട്ടികളേ,

ആഗതമാകുന്ന പിറവിത്തിരുനാളിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ എല്ലാവർക്കും സ്നേഹത്തോടെ നേരുന്നു. കോവിഡ് മൂലം ഏറെ ക്ലേശിച്ചുകൊണ്ടിരിക്കുന്ന നമുക്ക് ഇനിയുള്ള നാളുകൾ ഒരുമയുടെയും കരുതലിന്റെയും പരസ്പര സ്നേഹത്തിന്റേയും അവസരമാകട്ടെയെന്ന് ആശംസിക്കുന്നു.

മനുഷ്യന്റെ കൂടെ ആയിരിക്കാനും കൂടെ നടക്കാനും (walking together) ആഗ്രഹിക്കുന്ന ദൈവത്തെയാണ് പുൽക്കൂട്ടിലെ ഉണ്ണീശോയിൽ നാം കാണുന്നത്. തൊഴുത്തിന്റെ ദാരിദ്ര്യത്തിൽ നാം അവനെ കാണുമ്പോൾ നമ്മുടെ ഇല്ലായ്മയിലും വേദനയിലും അവൻ കൂടെയുണ്ടാകുമെന്ന ബോധ്യം നമുക്ക് കൂടുതൽ അനുഭവപ്പെടുകയാണ്. 'ഏദൻ തോട്ടത്തിൽ ആദിമാതാപിതാക്കൾ ദൈവത്തോടുകൂടെയായിരുന്നു' (ഉത്പ. 3:8). മനുഷ്യപാപത്തിലൂടെ നഷ്ടപ്പെട്ട സഹവാസത്തിന്റെ ഈ അവസ്ഥ പുനഃസ്ഥാപിക്കാനുള്ള ദൈവത്തിന്റെ ഇടപെടലുകളാണ് നാം പിന്നീടു കാണുന്നത്. മരുഭൂമിയാത്രയിൽ അഗ്നിസ്തംഭമായും മേഘത്തൂണായും ഇസ്രായേൽ ജനത്തിന്റെ കൂടെ നടന്നും സമാഗമ കൂടാരത്തിൽ കൂടെ വസിച്ചും ദൈവം വെളിപ്പെടുത്തിയ ഈ ഇടപെടലിന്റെ ഏറ്റവും മനോഹരമായ ആവിഷ്ക്കാരമാണ് ഈശോയുടെ മനുഷ്യാവതാരം. "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" വെന്നും (യോഹ. 1:14) "ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവൽ എന്ന് അവൻ വിളിക്കപ്പെടും" എന്നുമാണല്ലോ (മത്താ. 1:23) തിരുവചനം പറയുന്നത്. സംഭാഷണങ്ങളിലൂടെയും സംവാദങ്ങളിലൂടെയും പിതാവിന്റെ ഹിതം പഠിപ്പിച്ചും കരുണ നിറഞ്ഞ പ്രവൃ

ത്തികളിലൂടെ പിതാവിന്റെ സ്വഭാവം വെളിപ്പെടുത്തിയും ദൈവത്തിന്റെ പുത്രൻ മനുഷ്യരോടു കൂടെ നടന്നു. ചുങ്കക്കാരെയും പാപികളെയും ചേർത്തുനിർത്തി അവരുടെ വിരുന്നിൽ പങ്കെടുത്തു. ഹൃദയം തളർന്ന വർക്ക് താങ്ങായി അവിടുന്ന് കൂടെ നിന്നു. ശാരീരികമായി മനുഷ്യരിൽ നിന്ന് അകലേണ്ടി വന്നപ്പോഴും മനുഷ്യരോടു കൂടെയായിരിക്കാൻ, ഒരുമിച്ചുകൂടി പങ്കിടുന്ന അപ്പത്തിന്റെ കൂദാശയായ വിശുദ്ധ കുർബാന അവിടുന്ന് സ്ഥാപിച്ചു. രണ്ടോ മൂന്നോ പേർ തന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഉണ്ടാകുമെന്ന് യേശു ഉറപ്പു നൽകി യിട്ടുണ്ട് (മത്താ. 18:20). ദൈവം കൂടെയുണ്ടെന്ന് ഉറപ്പുണ്ടായാൽ നമ്മുടെ ആത്മവിശ്വാസം വർദ്ധിക്കും.

ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ പറയുന്നതുപോലെ, ‘‘കർത്താവ് നിനക്ക് കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും തന്നാലും നിന്റെ ഗുരു നിന്നിൽനിന്ന് മറഞ്ഞിരിക്കുകയില്ല. നിന്റെ നയനങ്ങൾ നിന്റെ ഗുരുവിനെ ദർശിക്കും. നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയു മ്പോൾ നിന്റെ കാതുകൾ പിന്നിൽ നിന്ന്, ഒരു സ്വരം ശ്രവിക്കും; ഇതാണ് വഴി, ഇതിലേ പോകുക.’’ (ഏശ. 30.20). ക്രിസ്മസ്കാലം ദൈവ ത്തിന്റെ ശബ്ദം ഹൃദയത്തിൽ ഏറ്റുവാങ്ങാനുള്ള സമയം കൂടിയാണ്. ജീവിതവ്യഗ്രതകളിൽ ഇടറിപ്പോകുമ്പോൾ അനുതാപത്തിന്റെ കൂദാശയിലൂടെ ദൈവസ്വരം ശ്രവിച്ച് തിരികെയെത്താൻ ഈ ക്രിസ്മസ് കാലം നമ്മെ സഹായിക്കട്ടെ.

നമ്മുടെ കൂടെ ആയിരിക്കുന്ന ദൈവം ആഗ്രഹിക്കുന്നത് നമ്മളും അവിട ത്തോടുകൂടെ ആയിരിക്കണമെന്നാണ്. രണ്ടു വിധത്തിലാണ് ഇത് സാധിക്കുന്നത്. ഒന്നാമതായി, പ്രാർത്ഥനയിലൂടെയും ഹൃദയവിശുദ്ധി യിലൂടെയും ദൈവത്തിന്റെ സൗഹൃദം നാം അനുഭവിക്കണം. രണ്ടാമതായി, ദൈവത്തിന്റെ മക്കളും നമ്മുടെ സഹോദരങ്ങളുമായവരുടെ സന്തോഷത്തിലും ദുഃഖത്തിലും നാം പങ്കാളികളാകണം. ആത്മാർത്ഥ മായ പ്രാർത്ഥനയും അപരന്റെ കണ്ണീരൊപ്പാനുള്ള സന്മനസ്സും നമ്മെ ക്രിസ്തുവിന്റെ കൂടെയുള്ള മനുഷ്യരാക്കും. കൂടെ ആയിരിക്കാനും

കൂടെ നടക്കാനും അകലങ്ങൾ ഇല്ലാതെയാകണം. “ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത മുറുകെപ്പിടിക്കേണ്ടത് കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച്, മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു” (ഫിലി. 2:6-7). ക്രിസ്മസ് നമ്മെ ക്ഷണിക്കുന്നത് ക്രിസ്തുവിന്റെ ഈ മനോഭാവം സ്വന്തമാക്കാനാണ്. ചെറിയവരാകാനും, ചെറിയവരോടു കൂടെ ആകാനും നമുക്ക് സാധിക്കണം. സഭയിലും സമൂഹത്തിലും ഇടവകയിലും കുടുംബത്തിലും അകൽച്ചകളുടെ അതിർവരമ്പുകൾ തട്ടിനിരത്തപ്പെടണം. ആനുകാലിക സമൂഹത്തിൽ വിശ്വാസത്തിന്റെയും സമ്പത്തിന്റെയും ആശയങ്ങളുടെയും പേരിലുള്ള അകൽച്ചകൾ ആശങ്കകൾ ഉളവാക്കുന്നുണ്ട്. വിദ്വേഷവും വൈരാഗ്യവും മാത്സര്യബുദ്ധിയും മനുഷ്യബന്ധങ്ങളിലെ അകലം വർദ്ധിപ്പിക്കുമെന്ന് നാം തിരിച്ചറിയണം. പ്രഭുത്വത്തിന്റെ മേലങ്കികൾ ശുശ്രൂഷയുടെ അരക്കച്ചകളായി രൂപാന്തരപ്പെടണം; പരസ്പരം പറയുകയും കേൾക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന സഹവാസത്തിന്റെ ശൈലി സ്വന്തമാക്കണം. അപരന്റെ ആവശ്യങ്ങളിലേക്ക് കണ്ടറിഞ്ഞ് ഇറങ്ങിച്ചെല്ലാനാകണം. പുല്ക്കൂടിനോളം താഴ്ന്ന, എമ്മാനുവേൽ ആയി കൂടെ വസിക്കുന്ന ക്രിസ്തുവിനോടൊപ്പം ദൈവരാജ്യത്തിന്റെ സുവിശേഷവുമായി നമുക്ക് ഒരുമിച്ചു നടക്കാം.

രക്ഷാകരചരിത്രത്തിന്റെ തുടക്കം എത്രയോ എളിയ രീതിയിലുള്ളതാണ്. ഒരു ചെറിയ ഗ്രാമത്തിൽ ലാളിത്യത്തിന്റെ പുൽക്കൂട്ടിലാണ് രക്ഷകന്റെ ജനനം. എത്ര വാതിലുകൾ അവനു മുന്നിൽ കൊട്ടിയടയ്ക്കപ്പെട്ടു. ഇല്ലായ്മകൾക്കു നടുവിൽ പിറന്ന ആ ശിശു എത്രയോ മനുഷ്യജീവിതങ്ങൾക്കാണ് വഴിയും സത്യവും ജീവനുമായി മാറിയത്. ലോകസംസ്കാരങ്ങൾക്ക് അവൻ പ്രകാശവും ഉപ്പുമായിത്തീർന്നു. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന തിന്മയോട് തുലനം ചെയ്യുമ്പോൾ നമ്മുടെ നന്മ ചെറുതാണെന്നോർത്ത് നാം നഷ്ടധൈര്യരാകരുത്. അധർമ്മം വർദ്ധിക്കുന്നതിനാൽ പലരുടേയും സ്നേഹം തണുത്തുപോകാനിടയു

ണ്ടെന്ന് യേശുതന്നെ മുന്നറിയിപ്പു നല്കുന്നുണ്ട് (മത്താ. 24:12). പുളി മാവിനോടും കടുകുമണിയോടുമാണല്ലോ ദൈവരാജ്യത്തെ യേശു ഉപമിച്ചത്. നാം എവിടെ ആയാലും നന്മയുള്ളവരാണെങ്കിൽ നമ്മുടെ നന്മ വ്യാപിച്ചുകൊണ്ടിരിക്കും. തിന്മ നിറഞ്ഞ സോദോമിൽ പത്തു നീതി മാന്മാരെങ്കിലും ഉണ്ടെങ്കിൽ ആ പട്ടണത്തെ രക്ഷിക്കുമെന്നാണ് ദൈവം അബ്രാഹത്തിനു ഉറപ്പ് കൊടുത്തത്. ചെറിയ തുടക്കങ്ങൾ എങ്ങനെ ക്രിസ്മസ് ആയി മാറുമെന്ന് മനസ്സിലാകണമെങ്കിൽ ഒരു ചെറുപുഞ്ചി രിയോടെ അപരനെ നോക്കുവാനോ, അയൽക്കാരനോടു ക്ഷമിക്കാനോ, സ്നേഹിതനുവേണ്ടി ഒരു കാതംകൂടുതൽ നടക്കാനോ, ഒരു വിധവയെ സഹായിക്കാനോ, പ്രകൃതിയുടെ നിലവിളിക്ക് കാതോർക്കാനോ ശ്രമിച്ചുനോക്കിയാൽ മതി. നോഹയുടെ പെട്ടകത്തിലേക്ക് തളിരില കൊത്തി പറന്നുവന്ന പ്രാവു കണക്കെ പുതിയ പുലരിയുടെ പ്രത്യാശ പകരുന്ന ദൂതരായി നമുക്കും മാറാം.

എല്ലാ ഡിസംബറിലും നമ്മുടെയൊക്ക വീടിനു മുന്നിലൊരുക്കപ്പെടുന്ന ആ ചെറിയ പുൽക്കൂട് ഒരോർമ്മപ്പെടുത്തലാണ്. മനുഷ്യകുലത്തിന്റെ ചരിത്രത്തിൽ വലിയ ഇടം ലഭിക്കുമായിരുന്ന ഒരു ചെറുസത്രത്തിന്റെ നഷ്ടസൗഭാഗ്യത്തിന്റെ കഥ. അല്പം ഇടം അവർ ആ സത്രത്തിൽ നല്കിയിരുന്നെങ്കിൽ ദൈവം വന്നു പിറവി കൊള്ളേണ്ടിയിരുന്ന ഒരു മഹനീയ ഗൃഹമാകുമായിരുന്നു അത്. ഓരോ ക്രിസ്മസ്രാവിലും ആരു ടെയൊക്കെയോ വാതിൽക്കൽ ആരൊക്കെയോ ഉറക്കെ മുട്ടി വിളി ക്കുന്നുണ്ട്. ഒന്ന് മനസ്സ് തുറന്നാൽ, ഒരല്പം ഇടം കൊടുത്താൽ അവി ടെയെല്ലാം ക്രിസ്തു പിറക്കുമല്ലോ! ക്രിസ്മസ് ദിനത്തിൽ നമ്മുടെ വിരുന്നുമേശകളിൽ വിളമ്പുന്ന വിരുന്നിനോടൊപ്പം നമുക്കരികിലും അകലെയുമായി പാർക്കുന്ന പാവപ്പെട്ട മനുഷ്യരെ നമുക്കുള്ളിലേക്കും നമ്മുടെ വീട്ടിലേക്കുമൊക്കെ ക്ഷണിച്ചിരുത്തുമ്പോഴാണ് ഇക്കൊല്ലത്തെ ക്രിസ്മസിന്റെ അഴക് വർദ്ധിക്കുന്നത്. മനുഷ്യരെ ഒഴിവാക്കുന്നരീതി യിലുള്ള തിരക്കുകൾ നമ്മുടെ ആരുടെയും വീടിനകത്തും നെഞ്ചി നകത്തും ഉണ്ടാകാതിരിക്കട്ടെ. ഒരു പക്ഷെ വൈകി വന്ന് ആ കതകിൽ മുട്ടുന്നത് രക്ഷകനായ ക്രിസ്തുതന്നെയാണെങ്കിലോ...

തുറക്കാതെ പോയ വാതിലുകൾ നമ്മെ പിന്നീട് സങ്കടപ്പെടുത്തും. നമ്മുടെ ഭവനങ്ങളിലെ വൃദ്ധരായവർക്ക് നമ്മളല്ലാതെ വേറെയാരുണ്ട്? ധൂർത്തരായി വീടുവിട്ടുപോയവർക്ക് സഭയിലേക്കും സമൂഹത്തിലേക്കും കുടുംബത്തിലേക്കും തിരികെയെത്താൻ നമ്മുടെ വാതിലുകൾ മലർക്കെ തുറക്കാം. ഈ ക്രിസ്മസ്കാലം തുറവിയുടെയും സംഭാഷണത്തിന്റെയും പങ്കുവയ്പിന്റെയും മനോഹരമായ ദിനങ്ങളാകട്ടെയെന്ന് ആശംസിക്കുന്നു. നോഹയുടെ പെട്ടകത്തിലേക്ക് തളിരിലകൊത്തി പറന്നുവന്ന പ്രാവു കണക്കെ പുതിയ പുലരിയുടെ പ്രത്യാശ പകരുന്ന ദൂതരായി നമുക്കും മാറാം. ലോകരക്ഷകനായ മിശിഹായുടെ കൃപയും സമാധാനവും എല്ലാവരിലും നിറയട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ക്രിസ്മസിന്റെയും പുതുവർഷത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.


**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി, എറണാകുളം-അങ്കമാലി അതിരൂപത

17-12-2021

..........................................

N.B.: 2021 ഡിസംബർ 19-ന് കുർബാന മദ്ധ്യേ പള്ളികളിൽ വായിക്കുന്നതിനായി അയച്ചു നൽകിയത്.

# ENGAGEMENTS



## Archbishop Antony Kariyil
### Vicar of the Major Archbishop

## JANUARY 2022

| | | | |
|---|---|---|---|
| 01 | am | Moozhikulam | Church Blessing (Newly built) |
| 03 | am | Thannipuzha | Ordination of Dn. Bagio Kallookkadan |
| 03 | pm | Bishop's House | Key handing over C/o Sahrudaya |
| 04 | am | CMI Generalate | Bishops Meet |
| 05 | am | Ponnurunni | Inauguration, Cancer detection mobile clinic |
| 05 | pm | South Vazhakulam | Parish Feast Flag Hoisting & Mass |
| 06 | pm | Thundathumkadavu | Grotto Blessing |
| 07-15 | | Mount St. Thomas | Syro-Malabar Bishops' Synod |
| 16 | am | Ernakulam | C.S.N. Chapel Blessing (Convent Jn.) |
| | pm | Renewal Centre | Meeting , C/o Catechism Department |
| | pm | Palarivattom | Award Night |
| 17 | am | L.F. Hospital | Inauguration of Cardiology Block |
| 22 | am | Vengoor | Vestition - S.J.S.M. Sisters |
| 26 | am | Kalamassery | Jubilee Celebrations CMI Provincial House |
| 27 | pm | Chalil | Parish Feast |

* * * * *

# ജൂബിലി മംഗളങ്ങൾ

## സുവർണ്ണജൂബിലി (1972-73 - 2022-23)




1) റവ. ഫാ. ജെയിംസ് ആലുക്കൽ
2) റവ. ഫാ. കുര്യാക്കോസ് പുത്തൻമാനായിൽ
3) റവ. ഫാ. തോമസ് വിതയത്തിൽ

## രജതജൂബിലി (1997-98 - 2022-23)




1) റവ. ഫാ. വർഗീസ് മാണിക്കത്ത്
2) റവ. ഫാ. ജോസഫ് (ബെന്നി) മാരാംപറമ്പിൽ
3) റവ. ഫാ. ആന്റണി പരവര
4) റവ. ഫാ. തോമസ് പെരേപ്പാടൻ
5) റവ. ഫാ. ജോയ് പ്ലാക്കൽ
6) റവ. ഫാ. തോമസ് പൂച്ചക്കാട്ട്
7) റവ. ഫാ. ജോസഫ് (ബൈജു) വടക്കുഞ്ചേരി
8) റവ. ഫാ. തോമസ് വൈക്കത്തുപറമ്പിൽ
9) റവ. ഫാ. അഗസ്റ്റിൻ വട്ടോലി

പൗരോഹിത്യസ്വീകരണത്തിന്റെ
**സുവർണ്ണ-രജത ജൂബിലി** ആഘോഷിക്കുന്ന
എല്ലാ ജൂബിലേറിയൻസിനും
അതിരൂപതയുടെ മംഗളാശംസകളും പ്രാർത്ഥനയും
സ്നേഹപൂർവ്വം നേരുന്നു.

## കച്ചേരിക്കാര്യം

# അഭിനന്ദനങ്ങൾ



ആസ്സാം ഡോൺ ബോസ്കോ സർവ്വകലാശാലയിൽനിന്നും സാമൂഹ്യപ്രവർത്തനത്തിൽ (Social works) ഡോക്ടറേറ്റ് കരസ്ഥമാക്കിയ **ബഹു. പോൾ മൂഞ്ഞേലി** അച്ചന് അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും. പ്രബന്ധം: "Health Security through Ayushman Bharat".

# ചരമവാർഷികം



## മാർ അഗസ്റ്റിൻ കണ്ടത്തിൽ

കണ്ടത്തിൽ മാർ ആഗസ്തീനോസ് മെത്രാപ്പോലീത്തയുടെ 66-ാം ചരമവാർഷികം ജനുവരി 10-ാം തീയതിയാണ്. അന്നേ ദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നോർമ്മിപ്പിക്കുന്നു. വൈകിട്ട് 6.00 മണിക്ക് അഭിവന്ദ്യ പിതാവിനുവേണ്ടി എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ ദിവ്യബലിയും പ്രത്യേക പ്രാർത്ഥനാശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ജോസ് പുതിയേടത്ത്**
**സിഞ്ചെല്ലൂസ്**

# Sisters of the
# Adoration of the Blessed Sacrament (SABS)
## Adoration Generalate (Cenacle), Aluva

| | | |
|---|---|---|
| Superior General | : | Sr. Rosily Jose Ozhukayil |
| Vicar General | : | Sr. Mercy Nedumpuram |
| Councilors | : | Sr. Ancy Mappilaparambil |
| | | Sr. Grace Kochupaliyathil |
| | | Sr. Rose Therese Cheerakathil |
| | | Sr. Elsa Paikada |
| General Finance Officer | : | Sr. Tessy Anithottam |
| General Secretary | : | Sr. Lis Therese Kalan |

# Sacred Heart Province, Ernakulam

| | | |
|---|---|---|
| Provincial Superior | : | Sr. Lee Rose Plackal |
| Vicar Provincial | : | Sr. Annie Thachil |
| Councillors | : | Sr. Tresa Vadakkumcherry |
| | | Sr. Blessy Therese Mangalathukary |
| | | Sr. Jolly Maria Veliyath |
| | | Sr. Tessy Tom Thakidiyil |
| Finance Officer | : | Sr. Celine Palatty |
| Provincial Secretary | : | Sr. Elsit Kozhikkadan |

പുതിയ സാരഥികൾക്ക്
അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു!



# നിര്യാതരായി

## സി. കാരിത്താസ് CMC



സെന്റ് മേരീസ് കോൺവെന്റ്, എറണാകുളം

| | | |
|---|---|---|
| ജനനം | : | 03/01/1929 |
| വ്രതവാഗ്ദാനം | : | 02/02/1955 |
| മരണം | : | **30/12/2021** |

## സി. വിറ്റാലിസ് CMC



വിമലാ ഭവൻ, തൃക്കാക്കര

| | | |
|---|---|---|
| ജനനം | : | 04/02/1940 |
| വ്രതവാഗ്ദാനം | : | 15/04/1963 |
| മരണം | : | **28/12/2021** |

## സി. ട്രിഫിന CMC



സെന്റ് ട്രീസാ കോൺവെന്റ്, കൂനമ്മാവ്

| | | |
|---|---|---|
| ജനനം | : | 18/03/1932 |
| വ്രതവാഗ്ദാനം | : | 04/04/1964 |
| മരണം | : | **15/12/2021** |

## സി. മേരി ആൻ SG



സിസ്റ്റേഴ്സ് ഓഫ് ഗ്രെയ്സ്, ഇടപ്പള്ളി.

| | | |
|---|---|---|
| ജനനം | : | 15/08/1948 |
| വ്രതവാഗ്ദാനം | : | 08/12/2008 |
| മരണം | : | **09/12/2021** |

# വാർത്തകളും വിശേഷങ്ങളും

## പ്രശ്നപരിഹാരത്തിന് സംവാദത്തിന്റെ മാർഗം സ്വീകരിക്കുക: ഫ്രാൻസിസ്പാപ്പ

പ്രശ്നപരിഹാരത്തിന് സംവാദത്തിന്റെ മാർഗമാണ് സ്വീകരിക്കേണ്ട തെന്ന് 2021 ഡിസംബർ 25 ക്രിസ്മസ് ദിനത്തിൽ നൽകിയ *ഊർബി എത്ത് ഓർബി* (നഗരത്തിനും ലോകത്തിനും) സന്ദേശത്തിൽ ഫ്രാൻസിസ് പാപ്പ പ്രസ്താവിച്ചു.

വചനം മാംസമായത് മനുഷ്യനോട് സംവദിക്കാൻ വേണ്ടിയാണ്. ഏകഭാഷണം നടത്താനല്ല മറിച്ച്, സംവാദമാണ് ദൈവം ആഗ്രഹിക്കുന്നത്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം തന്നെ പരസ്പരമുള്ള ഒരു സംവാദമാണ്. വചനം മാംസമായ വ്യക്തിയായി ലോകത്തിലേക്ക് കടന്നുവരുമ്പോൾ ദൈവം നമുക്ക് കാണിച്ചുതരുന്നത് പരസ്പരമുള്ള കണ്ടുമുട്ടലിന്റെയും സംവാദത്തിന്റെയും വഴിയാണ്.

കുടുംബങ്ങളെയും സമൂഹങ്ങളെയും ഒരുമിച്ചു നിർത്തിയ ഉദാരമതികളായ ഒരുപാടു വ്യക്തികളുടെ ക്ഷമാപൂർണ്ണമായ സംവാദങ്ങളില്ലായിരുന്നെങ്കിൽ ഈ ലോകം എന്താകുമായിരുന്നു (*ഫ്രത്തെല്ലി തൂത്തി*, 198). ഈ മഹാമാരിയുടെ സമയത്ത് നാം അത് കൂടുതലായി മനസിലാക്കുന്നു. സാമൂഹിക ബന്ധങ്ങൾക്കുള്ള നമ്മുടെ കഴിവ് തീവ്രമായി പരീക്ഷിക്കപ്പെടുന്നു; തന്നിൽത്തന്നെ ഒതുങ്ങിക്കൂടാനും, തനിയെ എല്ലാം ചെയ്യാനും ഉള്ള പ്രവണതകൾ ശക്തമാകുന്നു, പുറത്തേക്ക് ഇറങ്ങുന്നതിനും, മറ്റുള്ളവരുമായി കണ്ടുമുട്ടലുകൾ നടത്തുന്നതിനും, ഒരുമിച്ച് കാര്യങ്ങൾ ചെയ്യുന്നതിനും ആഗ്രഹമില്ലാതാകുന്നു. അന്തർദേശീയരംഗത്തും, സംവാദങ്ങൾ നടത്താൻ ആഗ്രഹിക്കാതിരിക്കുക എന്ന അപകടമുണ്ട്. സംവാദത്തിന്റെ ദൈർഘ്യമേറിയ പാതകളേക്കാൾ കുറുക്കുവഴികൾ തിരഞ്ഞെടുക്കുന്ന അപകടവുമുണ്ട്. എന്നാൽ, യഥാർത്ഥ്യത്തിൽ സംവാദങ്ങൾ മാത്രമാണ് നീണ്ടുനിൽക്കുന്നതും, പരസ്പരം പങ്കിടാവുന്നതുമായ നേട്ടങ്ങളിലേക്കും, പ്രശ്നപരിഹാരങ്ങളിലേക്കും നയിക്കുന്നത്.

# വിശ്വാസപരിശീലനകേന്ദ്രം

1. ഇന്റേണൽ അസസ്സ്മെന്റുമായി ബന്ധപ്പെട്ട നിർദേശങ്ങൾ:

ജനുവരി 02 ഞായറാഴ്ച ഇന്റേണൽ അസസ്സ്മെന്റിനു സഹായകമായ വീഡിയോ ക്ലാസ്സുകളുടെ ലിങ്കുകൾ നൽകുന്നതാണ്.

1, 2, 3 - ക്ലാസ്സുകൾ: നല്ല ശീലങ്ങൾ

4, 5, 6 - ക്ലാസ്സുകൾ: നീർച്ചാലുകൾ - വി. കുർബാന

7, 8, 9, 10 - ക്ലാസ്സുകൾ: Know Thyself (ലൈംഗിക ബോധവൽക്കരണ ക്ലാസ്സ്)

11, 12 - ക്ലാസ്സുകൾ : Know Thyself (ലൈംഗിക ബോധവൽക്കരണ ക്ലാസ്സ്) & മികവ് : Career Guidance Class.

A. പത്താംക്ലാസ്സ് & ഡിപ്ളോമ ഇന്റേണൽ അസസ്സ്മെന്റ്
ഈ വർഷത്തെ രണ്ടാം സെമസ്റ്ററിന്റെ ഇന്റേണൽ അസസ്സ്മെന്റിന് 10 മാർക്കാണ്. ഇതിൽ 5 മാർക്ക് മാതാപിതാക്കളും 5 മാർക്ക് അദ്ധ്യാപകരുമാണ് നൽകേണ്ടത്.

a) മാതാപിതാക്കൾ നൽകേണ്ട 5 മാർക്ക് ഇപ്രകാരമാണ് ക്രമീകരിച്ചിരിക്കുന്നത്: അതിരൂപത യിൽ നിന്നും നൽകുന്ന Know Thyself (& മികവ് 11, 12) എന്ന വീഡിയോ ക്ലാസ്സ് കുട്ടികൾ കണ്ട് അതിന്റെ ഒരു സംഗ്രഹം ഒരു പേജിൽ കുറയാതെ തയ്യാറാക്കണം. ഇതിനെ ആസ്പദമാക്കിവേണം മാതാപിതാക്കൾ 5 ലുള്ള മാർക്കിടേണ്ടത്. മാർക്കും അസൈൻമെന്റും അതത് ക്ലാസ്സ് ടീച്ചറെ ഏല്പിക്കേണ്ടതാണ്.

b) കുട്ടികളുടെ കാറ്റിക്കിസം പഠനം, പ്രവർത്തനങ്ങൾ, പ്രാർത്ഥന, കുർബാനയിലുള്ള പങ്കാളിത്തം എന്നിവ വിലയിരുത്തിയാണ് അദ്ധ്യാപകൻ/അദ്ധ്യാപിക ഇന്റേണൽ അസസ്സ് മെന്റ് മാർക്ക് (5-ൽ) നൽകേണ്ടത്.

B. നാലാം ക്ലാസ്സു മുതൽ ഒൻപതാം ക്ലാസ്സുവരെ ഇന്റേണൽ അസസ്സ്മെന്റ്

ഈ വർഷത്തെ രണ്ടാം സെമസ്റ്ററിന്റെ ഇന്റേണൽ അസസ്സ്മെന്റിന് 15 മാർക്കാണ്. ഇതിൽ 5 മാർക്ക് മാതാപിതാക്കളും 10 മാർക്ക് അദ്ധ്യാപകരുമാണ് നൽകേണ്ടത്.

a) മാതാപിതാക്കൾ നൽകേണ്ട 5 മാർക്ക് ഇപ്രകാരമാണ് ക്രമീകരിച്ചിരിക്കുന്നത്: അതിരൂപത യിൽ നിന്നും നൽകുന്ന ക്ലാസ്സ് (4,5,6 ക്ലാസ്സുകാർക്ക് വി. കുർബാന) (7, 8, 9 ക്ലാസ്സുകാർക്ക് Know Thyself - ലൈംഗിക ബോധവൽക്കരണം) എന്ന വീഡിയോ ക്ലാസ്സ് കുട്ടികൾ കണ്ട് അതിന്റെ ഒരു സംഗ്രഹം ഒരു പേജിൽ കുറയാതെ തയ്യാറാക്കണം. ഇതിനെ ആസ്പദമാക്കിവേണം മാതാപിതാക്കൾ 5 ലുള്ള മാർക്കിടേണ്ടത്. മാർക്കും അസൈൻമെന്റും അതത് ക്ലാസ്സ് ടീച്ചറെ ഏല്പിക്കേണ്ടതാണ്.

b) കുട്ടികളുടെ കാറ്റിക്കിസം പഠനം, പ്രവർത്തനങ്ങൾ, പ്രാർത്ഥന, കുർബാനയിലുള്ള പങ്കാളിത്തം എന്നിവ വിലയിരുത്തി അദ്ധ്യാപകൻ/അദ്ധ്യാപിക 10 ലാണ് ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് നൽകേണ്ടത്.

C. 1-ാം ക്ലാസ്സു മുതൽ 3-ാം ക്ലാസ്സുവരെ ഇന്റേണൽ അസസ്സ്മെന്റ് ഈ വർഷത്തെ രണ്ടാം സെമസ്റ്ററിന്റെ ഇന്റേണൽ അസസ്സ്മെന്റിന് 15 മാർക്കാണ്. ഇതിൽ 5 മാർക്ക് മാതാപിതാക്കളും 10 മാർക്ക് അദ്ധ്യാപകരുമാണ് നൽകേണ്ടത്.

a. മാതാപിതാക്കൾ നൽകേണ്ട 5 മാർക്ക് ഇപ്രകാരമാണ് ക്രമീകരിച്ചിരിക്കുന്നത്: അതിരൂപത യിൽ നിന്നും നൽകുന്ന നല്ല ശീലങ്ങൾ എന്ന ക്ലാസ്സ് മാതാപിതാക്കൾ കുട്ടികളെ കാണിക്കുമല്ലൊ. ഈ ക്ലാസ്സ് കുട്ടികൾ എങ്ങനെ മനസ്സിലാക്കി എന്ന് വിലയിരുത്തി മാതാപിതാക്കൾ 5-ൽ മാർക്കു നൽകേണ്ടതും അത് ക്ലാസ്സ് ടീച്ചറെ ഏല്പിക്കേണ്ടതുമാണ്.

b. കുട്ടികളുടെ കാറ്റിക്കിസം പഠനം, പ്രവർത്തനങ്ങൾ, പ്രാർത്ഥന, കുർബാനയിലുള്ള പങ്കാളിത്തം എന്നിവ വിലയിരുത്തി അദ്ധ്യാപകൻ/അദ്ധ്യാപിക 10 ലാണ് ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് നൽകേണ്ടത്.

2. പത്താം ക്ലാസ്സ് & ഡിപ്ളോമ കുട്ടികളുടെ രണ്ടാം സെമസ്റ്റർ പരീക്ഷ:

a. ജനുവരി 30-ാം തീയതിയാണ് 10-ാം ക്ലാസ്സ് & ഡിപ്ളോമ കുട്ടികളുടെ രണ്ടാം സെമസ്റ്റർ പരീക്ഷ സമയം: 2.00 p.m. - 4.00 p.m.

b. സിലബസ്: 10-ാം ക്ലാസ്സിലെ കുട്ടികൾക്ക് 8 മുതൽ 14 വരെയും, ഡിപ്ളോമ കുട്ടികൾക്ക് 8 മുതൽ 12 വരെയുമുള്ള അദ്ധ്യായങ്ങളിൽ നിന്നുമായിരിക്കും പരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ. ചോദ്യപേപ്പറുകൾ അതിരൂപതകേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്. Answer Sheet അതത് ഇടവകയിൽ തന്നെ ക്രമീകരിക്കേണ്ടതാണ്.

c. പരീക്ഷയക്ക് മുമ്പായി കുട്ടികളുടെ പേര് വിവരങ്ങളും ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്കും ഹാജർ ശതമാനവും (ഡിപ്ളോമ കുട്ടികൾക്ക് അഡോപ്റ്റ് എ ഫാമിലി & ഔട്ട് റീച്ച് മാർക്കുകളും) കൃത്യമായി പരിശോധിച്ച് ജനുവരി 23-ാം തീയതിയ്ക്ക് മുമ്പായി കാറ്റിക്കോർപ്പിൽ എന്റർ ചെയ്യേണ്ടതാണ്. കുട്ടികളുടെ പേര് വിവരങ്ങൾ Data Form -ൽ പൂരിപ്പിക്കണം.

3. ഫൊറോന ഡയറക്ടർ അച്ചന്മാർ, ഫൊറോന സെക്രട്ടറി സിസ്റ്റേഴ്സ്, പ്രൊമോട്ടേഴ്സ് എന്നിവരുടെ സംയുക്ത മിറ്റിങ്:

2022 ജനുവരി മാസം 16-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് കലൂർ റിന്യുവൽ സെന്ററിൽ കൂടുന്നു. ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണിവരെയുള്ള സമയത്ത് വിശ്വാസപരിശീലന കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതാണ്. 4.15 p.m. ന് ആർച്ച് ബിഷപ്പ് ആന്റണി കരിയിൽ പിതാവിന്റെ അനുഗ്രഹസാന്നിധ്യവും സന്ദേശവും ഉണ്ടായിരിക്കുന്നതാണ്. പന്ത്രണ്ട് വർഷവും (2020 വരെ) വിശ്വാസപരിശീലന ക്ലാസ്സുകളിൽ മുടങ്ങാതെ വന്ന 14 കുട്ടികളെ ആദരിക്കുന്നു. തുടർന്ന്, അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ 42 വർഷത്തോളം സ്തുത്യർഹമായ സേവനം കാഴ്ചവെച്ച ശ്രീ. എം. സി. വില്ല്യം മട്ടുമ്മേലിനും 22 വർഷത്തോളം നിസ്വാർത്ഥമായ സേവനം കാഴ്ചവെച്ച ശ്രീ. പി. എ. വർഗ്ഗീസ് പുല്ലേലിയ്ക്കും സ്നേഹാദരങ്ങളും നന്ദിയും സമർപ്പിക്കുന്നു.

4. 'Holy Home' : ഡിസംബർ മാസം 1-ാം തീയതി മുതൽ 25-ാം തീയതി വരെ അതിരൂപതയിലെ 24 ദൈവാലയങ്ങളിൽ നിന്നും catechism ernakulam YouTube ചാനലിൽ 'Holy Home' എന്ന പ്രോഗ്രാം പ്രക്ഷേപണം ചെയ്തിരുന്നു. ഈ പ്രോഗ്രാം സുഗമമായി നടത്തുന്നതിന് സഹകരിച്ച ബഹു. വികാരിയച്ചമാർക്കും പ്രധാനാധ്യാപകർക്കും വിശ്വാസ പരിശീലകർക്കും കുട്ടികൾക്കും പലവിധത്തിൽ സഹകരിച്ചവർക്കും പങ്കെടുത്തവർക്കും ഇടവകയിലെ മറ്റു ഭാരവാഹികൾക്കും നന്ദി.

5. JustJo Action Song Competition: 2020 ഡിസംബർ 08 മുതൽ 2021 ഡിസംബർ 08 വരെ ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചിരുന്ന വി. യൗസേപ്പിതാ വർഷത്തിന്റെ സമാപനം 2021 ഡിസംബർ 08-ന് നടന്നു.

2021 ഇന്റൻസീവ് ബൈബിൾ കോഴ്സ് Justjo 2021 പുസ്തകത്തിലെ അവസാനത്തെ ഗാനത്തിന് ദൃശ്യഭംഗി (വീഡിയോ) നൽകുവാൻ ഒരവസരം. ഈ Action Song-ന്റെ ഓഡിയോ catechismernakulam YouTube ചാനലിൽ നിന്നും ലഭിക്കുന്നതാണ്.

**1-ാം സമ്മാനം 5001 രൂപ**

**2-ാം സമ്മാനം 3001 രൂപ * 3-ാം സമ്മാനം 2001 രൂപ**

നിബന്ധനകൾ:

1. ഗ്രൂപ്പായി വേണം കളിക്കാൻ.
2. മിനിമം 4 പേർ വേണം.
3. 2022 മാർച്ച് 06 ആണ് അവസാന തീയതി. HD Quality ആയിരിക്കണം.
4. ഏറ്റവും നല്ല പ്രസന്റേഷന്റെ അടിസ്ഥാനത്തിലായിരിക്കും സമ്മാനങ്ങൾ നൽകുന്നത്.
5. പങ്കെടുക്കുന്ന ടീമുകൾ നേരത്തെ രജിസ്റ്റർ ചെയ്യേണ്ടതാണ്.
6. രജിസ്റ്റർ ചെയ്യുന്നതിന് Catechism Office മായി ബന്ധപ്പെടേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഇത് കോർഡിനേറ്റ് ചെയ്യുന്ന വ്യക്തി എന്നെയോ ഡിബിനച്ചനെയോ കോടാക്റ്റ് ചെയ്യുമല്ലൊ. (Office No. 0484-2346628, Fr. Dibin Meembathanath: 9946316215, Office Mob: 9400343930)

6. 2022 ജനുവരി 7 വെള്ളിയാഴ്ചയാണ് സന്മാർഗ്ഗപാഠം വാർഷിക പരീക്ഷ. താഴെ പറയുന്ന രീതിയിലാണ് പരീക്ഷ ക്രമീകരിച്ചിരിക്കുന്നത്. V, VII, IX - 10.00 a. m. -12.00 noon. IV, VI, VIII, X- 2.00 p. m. - 4.00 p. m.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2022 January

**വിവാഹഒരുക്ക ധ്യാനം (MPR)**

| ജനുവരി (ഓഫ്‌ലൈൻ) | ജനുവരി (ഓൺലൈൻ) |
|---|---|
| 04-06 Kalady | 07-08 (for those abroad only) |
| 11-13 Kalady | 21-22 (for those abroad only) |
| 18-20 Kalady | |
| 25-27 Kalady | |

**ബേബിഷെൻ ധ്യാനം (Online)** ജനുവരി 07-09

**ദമ്പതിധ്യാനം (Online)** ജനുവരി 21- 23

**ഫാമിലിഔവർ**

ജനുവരി 02 എസ്.ഡി സിസ്റ്റേഴ്സ്
ജനുവരി 08 യൂദിത്ത് ഫോറം
ജനുവരി 22 എം.സി.സി, ഗ്രെയ്സ് റിപ്പിൾസ്

**വിധവാ സംഗമം** ജനുവരി 02 പുത്തൻപള്ളി

**ദമ്പതി സംഗമം (നിറവ്)** ജനുവരി 26 കടവന്ത്ര

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

## സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

### നവദർശൻ
വിഗാർഡിന്റെ സഹകരണത്തോടെ സഹൃദയ ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമത്തിനായി അഞ്ചു ജില്ലകളിൽ നടപ്പാക്കി വരുന്ന 'നവദർശൻ' പദ്ധതിയുടെ ഭാഗമായി ഇരുന്നൂറു കുട്ടികൾക്ക് കോഴിയും കൂടും വിതരണം ചെയ്തു. ചേർത്തല, കൂനമ്മാവ്, ഇരിങ്ങാലക്കുട എന്നിവിടങ്ങളിൽ സംഘടിപ്പിച്ച യോഗങ്ങളിൽ അഞ്ഞൂറിലധികം ഗ്രോ ബാഗുകളും നൽകി.

### ഊർജ കിരൺ ശില്പശാല
സംസ്ഥാന എനർജി മാനേജ്മെന്റ് സെന്റർ, ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി, സെന്റർ ഫോർ എൻവയൺമെന്റ് ആൻഡ് ഡവലപ് മെന്റ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി തൃക്കാക്കര, അരൂർ, തൃപ്പുണിത്തുറ, വൈക്കം നിയോജക മണ്ഡലങ്ങളിൽ അനുവദിച്ച ഊർജകിരൺ ശില്പശാല യഥാക്രമം തോപ്പിൽ പള്ളി, തിരുനല്ലൂർ പള്ളി, തൃപ്പൂണി ത്തുറ പള്ളി, വൈക്കം വെൽഫെയർ സെന്റർ എന്നിവിടങ്ങളിൽ സംഘ ടിപ്പിച്ചു. ഊർജസംരക്ഷണ സെമിനാർ, റാലി, സിഗ്നേച്ചർ കാംപയിൻ എന്നിവയിൽ സംഘം അംഗങ്ങൾ, പൊതുജനങ്ങൾ, പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

### പരിവർത്തൻ പദ്ധതി
എറണാകുളം റെയിൽവേ ചൈൽഡ് ലൈനിന്റെ 'പരിവർത്തൻ' കോളനി ദത്തെടുക്കൽ പദ്ധതിയുടെ ഭാഗമായി സൗത്ത് റെയിൽവേ സ്റ്റേഷനു സമീപമുള്ള ഉദയ കോളനി, പി & ടി കോളനി, പുഷ്പ നഗർ കോളനി, കരിന്തല കോളനി എന്നിവ ദത്തെടുത്തു. നാല് കോളനി കളിൽ നിന്നായി 150 കുട്ടികൾക്ക് സഹൃദയയുടെയും, സൗത്ത് റെയിൽ

വേയുടെയും സഹകരണത്തോടെ കൗൺസിലിംഗ് നൽകുക, മാനസികോല്ലാസത്തിനായി പദ്ധതികൾ വിഭാവനം ചെയ്യുക, കുട്ടികളിലെ അഭിരുചികൾ കണ്ടെത്തി അവയെ വളർത്തിക്കൊണ്ടു വരിക എന്നിവയാണ് പരിവർത്തനിലൂടെ ലക്ഷ്യമിടുന്നത്. സഹൃദയയുടെയും, പൊതുജനങ്ങളുടെയും സഹകരണത്തോടെ 'കളിക്കളം' എന്ന ക്യാമ്പയിനിലൂടെ ശേഖരിച്ച കളിപ്പാട്ടങ്ങൾ കുട്ടികൾക്ക് നൽകി

**സതേൺ റെയിൽവേ - സഹൃദയ ചൈൽഡ് ലൈൻ**

സഹൃദയയുടെ നേതൃത്വത്തിൽ സതേൺ റയിൽവേയുടെ സഹകരണത്തോടെ സൗത്ത് റെയിൽവേ സ്റ്റേഷനിൽ പ്രവർത്തിച്ചു വരുന്ന ചൈൽഡ് ലൈൻ പ്രവർത്തകർ റെയിൽവേ സ്റ്റേഷനിൽ നിന്നും കണ്ടെത്തിയ ഉത്തർപ്രദേശ് സ്വദേശിയായ കൗമാരക്കാരനെ സുരക്ഷിതമായി ബന്ധുക്കൾക്ക് കൈമാറി. ജില്ലാ ശിശു സംരക്ഷണ സമിതിയുടേയും, ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെയും സഹകരണത്തോടെ എറണാകുളം റെയിൽവേ സഹൃദയ ചൈൽഡ് ലൈൻ ഉത്തർപ്രദേശിലെ ഘാസിപുർ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ സാന്നിധ്യത്തിലാണ് കുട്ടിയെ ഉത്തരവാദിത്തപ്പെട്ടവർക്ക് കൈമാറിയത്.

**ട്രാൻസ്ജെൻഡർമാരുടെ ജില്ലാതല ഫെഡറേഷൻ**

ട്രാൻസ്ജെൻഡർമാർക്ക് ജില്ലാതലത്തിൽ സഹായ കേന്ദ്രം രൂപീകരിക്കുന്നതിനെക്കുറിച്ച് ജില്ലാ സാമൂഹ്യനീതി വകുപ്പും സഹൃദയയും ചേർന്ന് ജില്ലാ പഞ്ചായത്ത് ലീഡേഴ്സ് ചേമ്പറിൽ സംഘടിപ്പിച്ച ഏകദിന ശില്പശാലയിൽ അവരുടെ പ്രാദേശിക കൂട്ടായ്മകളും ജില്ലാതല ഫെഡറേഷനും രൂപീകരിക്കുന്നതിന് ധാരണയായി.

**ജില്ലാ പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം**

ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ അവകാശ സംരക്ഷണത്തിലൂന്നിയുള്ള ബോധവത്ക്കരണ സെമിനാർ പോലീസ് ഉദ്യോഗസ്ഥർക്കായി എറണാകുളം ജില്ലാ സാമൂഹ്യനീതി വകുപ്പും, സഹൃദയയും ചേർന്ന് കലൂർ റിന്യുവൽ സെന്ററിൽ സംഘടിപ്പിച്ചു.

**രക്ഷാപ്രവർത്തന ബോധവൽക്കരണ ക്ലാസ്**

സഹൃദയ കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് നടപ്പിലാക്കുന്ന നവജീവൻ ദുരന്ത ആഘാത ലഘൂകരണ പദ്ധതിയുടെ ഭാഗമായി ആലങ്ങാട് പഞ്ചായത്തിൽ അഗ്നി ശമനസേനയുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തന ബോധവൽക്കരണ ക്ലാസ് നടത്തി

**അന്താരാഷ്ട്ര ഭിന്നശേഷി ദിനം**

സഹൃദയയുടെ നേതൃത്വത്തിൽ ഭിന്ന ശേഷിക്കാരുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള കൂട്ടായ്മയായ സഹൃദയ സ്പർശൻ ജില്ലാ വികലാംഗ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര ഭിന്നശേഷി ദിനം എബിലിറ്റി ഫെസ്റ്റ് ആയി അങ്കമാലി ബസിലിക്ക ഹാളിലും ഞാറക്കൽ സെന്റ് മേരീസ് പള്ളി ഹാളിലും സംഘടിപ്പിച്ചു. ഭിന്നശേഷിക്കാർക്കുള്ള കിറ്റ് വിതരണവും നടത്തി.

**താക്കോൽ ദാനം**

അയർലണ്ട് സിറോ മലബാർ ചർച്ചിന്റെ ആഭിമുഖ്യത്തിൽ സഹൃദയ യുടെ സഹകരണത്തോടെ കറുകുറ്റി ക്രിസ്തുരാജ ആശ്രമ ഇടവക യിൽ നിർമിച്ചു നൽകിയ ഭവനത്തിന്റെ താക്കോൽ ദാന കർമം നടത്തി. അയർലണ്ടിലെ ലൂക്കൻ ഇടവക മുഖ്യ പങ്കുവഹിച്ച ഭവന നിർമാണ പദ്ധതിയിൽ സിസ്ബറോ, ഇൻജിക്കോർ എന്നീ ഇടവകകളും സഹകാരികളായി.

**ക്രിസ്മസ് സംഗമം**

സഹൃദയയുടെയും കുടുംബ പ്രേഷിതകേന്ദ്രത്തിന്റെയും സംയുക്താ ഭിമുഖ്യത്തിൽ അങ്കമാലി സുബോധനയിൽ സംഘടിപ്പിച്ച ഏകസ്ഥ-വിധവാ ക്രിസ്മസ് സംഗമം അതിരൂപത മെത്രാപ്പോലീത്തൻ വികാരി ആർച്ചുബിഷപ്പ് ആൻറണി കരിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു ഏകസ്ഥർക്കും വിധവകൾക്കും ക്രിസ്തുമസ് സമ്മാനമായി അതിരൂപത നൽകുന്ന നിത്യോപയോഗ സാധനങ്ങളടങ്ങിയ കിറ്റുകളുടെ വിതര ണോദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. റോജി ജോൺ എം.എൽ.എ യോഗത്തിൽ അധ്യക്ഷതവഹിച്ചു.

**പഠനോപകരണങ്ങളുടെ വിതരണം**

സഹൃദയ, കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് അതിഥിതൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന 'സുധാർ' പദ്ധതിയുടെ ഭാഗമായി എറണാകുളം റെയിൽവേ ചൈൽഡ്‌ലൈനിന്റെ സഹകരണത്തോടെ ആലുവ ഹോളി ഗോസ്റ്റ് ഹൈസ്കൂളിൽ അതിഥി തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.

**സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം**

സഹൃദയ, കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന സുധാർ പദ്ധതിയുടെ ഭാഗമായി കാഞ്ഞൂർ സെന്റ് മേരീസ് പള്ളി ഹാളിൽ അഞ്ഞൂറ് അതിഥി തൊഴിലാളി കുടുംബങ്ങൾക്കുള്ള ന്യൂട്രീഷൻ ആന്റ് ഹൈജീൻ കിറ്റ് വിതരണം ചെയ്തു.

**കോവിഡ് രണ്ടാംഘട്ട വാക്സിനേഷൻ ക്യാമ്പ്**

സഹൃദയ, കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് അതിഥിതൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന സുധാർ പദ്ധതിയുടെ ഭാഗമായി ഇടപ്പള്ളി എം. എ.ജെ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ കാഞ്ഞൂർ സെന്റ് ആന്റണീസ് പള്ളി അങ്കണത്തിലും കിഴക്കമ്പലം സർവീസ് സഹകരണ ബാങ്കിന്റെയും ചുങ്കത്ത് ജൂവലറിയുടെയും സഹകരണത്തോടെ കിഴക്കമ്പലം സെന്റ് ആന്റണീസ് ഫൊറോനാ പള്ളി പാരിഷ് ഹാളിലും അതിഥി തൊഴിലാളികൾക്കായി സൗജന്യ കോവിഡ് രണ്ടാംഘട്ട വാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിച്ചു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# AICO

## (Archdiocesan Institutions' Central Office)

### ബഡ്ജറ്റ് മീറ്റിംഗ്

| | |
|---|---|
| ഡിസം. 09 | നൈപുണ്യ ചാരിറ്റബിൾ സൊസൈറ്റി |
| ഡിസം. 22 | സെന്റ് മൈക്കിൾസ് പബ്ലിക് സ്കൂൾ, തിരുമറയൂർ |

### സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്

| | |
|---|---|
| നവം. 24 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |
| നവം. 30 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| ഡിസം. 03 | നിവേദിത, ചുണങ്ങംവേലി |
| ഡിസം. 03 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| ഡിസം. 06 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ഡിസം. 08 | ലിസ്സിഹോസ്പിറ്റൽ, എറണാകുളം |
| ഡിസം. 08 | സെന്റ്മേരീസ് സ്കൂൾ, ആലുവ |
| ഡിസം. 10 | ലിസ്സി ഹോസ്പിറ്റൽ, എറണാകുളം |
| ഡിസം. 16 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ഡിസം. 17 | നൈപുണ്യ വെൽഫെയർ സർവീസസ്, ചേർത്തല |
| ഡിസം. 20 | നിവേദിത, ചുണങ്ങംവേലി |
| ഡിസം. 20 | നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റ്, പൊങ്ങം |
| ഡിസം. 21 | കാത്തലിക്ക് സെന്റർ, ആലുവ |
| ഡിസം. 21 | സെന്റ് മേരീസ് സ്കൂൾ, ആലുവ |
| ഡിസം. 28 | ഭാരത മാതാ കോളേജ്, തൃക്കാക്കര |

**ഫാ. ജോസ് പുതിയേടത്ത്**
**ഡയറക്ടർ**

# സ്നേഹശുശ്രൂഷാലയം, ചിറ്റൂർ, കൊച്ചി.

## ജനുവരി - ഫെബ്രുവരി മാസങ്ങളിലെ ആന്തരികസൗഖ്യധ്യാനങ്ങൾ

- ജനുവരി 7 വെള്ളിയാഴ്ച വൈകുന്നേരം 5.00 മണി മുതൽ ജനുവരി 12 ബുധനാഴ്ച രാവിലെ 8.00 മണിവരെ.
- ജനുവരി 21 വെള്ളിയാഴ്ച വൈകുന്നേരം 5.00 മണി മുതൽ ജനുവരി 26 ബുധനാഴ്ച രാവിലെ 8.00 മണിവരെ.
- ഫെബ്രുവരി 4 വെള്ളിയാഴ്ച വൈകുന്നേരം 5.00 മണി മുതൽ ഫെബ്രുവരി 9 ബുധനാഴ്ച രാവിലെ 8.00 മണിവരെ.
- ഫെബ്രുവരി 18 വെള്ളിയാഴ്ച വൈകുന്നേരം 5.00 മണി മുതൽ ഫെബ്രുവരി 23 ബുധനാഴ്ച രാവിലെ 8.00 മണിവരെ.

കൂടുതൽ വിവരങ്ങൾക്ക് 9446040508

നോമ്പുകാലത്ത് ഇടവക നവീകരണ ധ്യാനം നടത്തുന്നതിന് ചിറ്റൂർ ധ്യാനകേന്ദ്രം ടീം തയ്യാറാണ് (നാലു സായാഹ്നങ്ങളിലായി). താല്പര്യമുള്ള ബഹുമാനപ്പെട്ട വൈദികർ ധ്യാനകേന്ദ്രവുമായി ബന്ധപ്പെടുക (ഫാ. ജിറിൽ ചിറയ്ക്കൽ മണവാളൻ 9746147538)

ഫാ. ജോസ് ഉപ്പാണി
ഡയറക്ടർ

# അതിരൂപതാ ഡയറി

**ഡിസംബർ 2021**

7, 8, 9 ആന്റണി കരിയിൽ പിതാവ് കെ.സി.ബി.സി. സമ്മേളനത്തിൽ ഓൺലൈൻ ആയി പങ്കുചേർന്നു.

8 ആന്റണി കരിയിൽ പിതാവ് ബ. സാജോ പടയാട്ടിൽ അച്ചൻ എഴുതിയ 'നിഴൽ' എന്ന പുസ്തകം ബിഷപ്സ് ഹൗസിൽ പ്രകാശനം ചെയ്തു.

10 ആന്റണി കരിയിൽ പിതാവ്, ആന്റണി വാച്ചാപറമ്പിൽ-ന്റെ ഭാര്യയുടെ നിര്യാണത്തിൽ ഇടപ്പള്ളിയിലുള്ള വസതിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

10 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം തൃക്കാക്കര ഭാരത മാതാ കോളേജിൽ നടന്ന ഗവേർണിംഗ് ബോഡിയിൽ പങ്കെടുത്തു.

12 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം അതിരൂപതാ കുടുംബ പ്രേഷിതകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന കപിൾസ് കോൺഫ്രൻസിന്റെ ഉദ്ഘാടനം നിർവഹിച്ചു.

13 ആന്റണി കരിയിൽ പിതാവ് രാവിലെ ബിഷപ്സ് ഹൗസിൽ നടന്ന ഡീക്കന്മാരുടെ സംഗമത്തിൽ സംബന്ധിച്ചു.

16 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം ബിഷപ്സ് ഹൗസിൽ നടന്ന ആലോചനാ സമിതിയോഗത്തിൽ പങ്കെടുത്തു.

16 ആന്റണി കരിയിൽ പിതാവ്, വൈകുന്നേരം ബിഷപ്സ് ഹൗസിൽ ഈ വർഷം പൗരോഹിത്യ രജത-സുവർണ ജൂബിലി ആഘോഷിക്കുന്ന അതിരൂപതാ വൈദികരുടെ സംഗമത്തിൽ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.

17 ആന്റണി കരിയിൽ പിതാവ് എറണാകുളം കാരിക്കാമുറിയിൽ രാവിലെ ഡോ. ക്ലെമന്റിന്റെ നിര്യാണത്തിൽ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

18 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം കാരിക്കാമുറി ചാവറ

കൾച്ചറൽ സെന്ററിൽ നടന്ന ചാവറ മാട്രിമോണിയുടെ ജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു.

19 ആന്റണി കരിയിൽ പിതാവ്, കെ.സി.ബി.സി. റിലീജിയസ് കമ്മീഷന്റെയും കെ.സി.എം.എസ്.-ന്റെയും ആഭിമുഖ്യത്തിൽ നടത്തിയ ഓൺലൈൻ ക്രിസ്മസ് ആഘോഷത്തിൽ സംബന്ധിച്ചു.

19 ആന്റണി കരിയിൽ പിതാവ്, വൈകുന്നേരം എളംകുളം റാഡിസണിൽ നടന്ന അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രി നേത്രബാങ്കിന്റെ ജൂബിലി ആഘോഷത്തിൽ പങ്കുചേർന്ന് ആശംസകൾ അർപ്പിച്ചു.

20 ആന്റണി കരിയിൽ പിതാവ്, ഓൺലൈൻ ആയി നടന്ന അതിരൂപതാ വൈദിക കൂട്ടായ്മയിൽ (പ്രസ്ബിത്തേരിയം) പങ്കെടുത്തു.

21 ആന്റണി കരിയിൽ പിതാവ് രാവിലെ എടക്കുന്ന് പ്രീസ്റ്റ് ഹോം സന്ദർശിച്ച് വൈദികരോടൊപ്പം ക്രിസ്മസ് ആശംസകൾ പങ്കുവച്ചു.

21 ആന്റണി കരിയിൽ പിതാവ്  രാവിലെ ദേവഗിരി പ്രീസ്റ്റ് ഹോം സന്ദർശിച്ച് വൈദികരോടൊപ്പം ക്രിസ്മസ് ആശംസകൾ പങ്കുവച്ചു.

21 ആന്റണി കരിയിൽ പിതാവ്  രാവിലെ അങ്കമാലി സുബോധനയിൽ വെൽഫെയർ സർവീസസിന്റെ (സഹൃദയ) യും കുടുംബ പ്രേഷിതകേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ നടത്തിയ ഏകസ്ഥ - വിധവാ സംഗമത്തിൽ സംബന്ധിച്ച് സഹായവിതരണം നടത്തി.

22 ആന്റണി കരിയിൽ പിതാവ്  രാവിലെ എറണാകുളം ലിസി ഹോസ്പിറ്റലിലെ ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുക്കുകയും ക്യാൻസർ ചികിത്സാ കേന്ദ്രം ആശീർവദിക്കുകയും ചെയ്തു.

22 ആന്റണി കരിയിൽ പിതാവ്  വൈകിട്ട് നോർത്ത് തുറവൂർ സെന്റ് അഗസ്റ്റിൻസ് സ്കൂളിന്റെ ശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്തു.

22 ആന്റണി കരിയിൽ പിതാവ് തൃക്കാക്കര ഗുരുകുലം സെമിനാരിയിൽ നടന്ന ക്രിസ്മസ് ആഘോഷങ്ങളിൽ സംബന്ധിച്ചു.

23 ആന്റണി കരിയിൽ പിതാവ് രാവിലെ ബിഷപ്സ് ഹൗസിലെ ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

23 ആന്റണി കരിയിൽ പിതാവ് ശ്രീ. പി.റ്റി. തോമസ് എം.എൽ.എ. യുടെ നിര്യാണത്തിൽ എറണാകുളം ടൗൺ ഹാളിലെത്തി അന്തിമോപചാരം അർപ്പിച്ചു.

23 ആന്റണി കരിയിൽ പിതാവ് തൃക്കാക്കര കരുണാലയം സന്ദർശിച്ച് ക്രിസ്മസ് ആശംസകൾ നേർന്നു.

23 ആന്റണി കരിയിൽ പിതാവ് തൃക്കാക്കര വിജോഭവൻ സന്ദർശിച്ച് വൈദികരോടൊപ്പം ക്രിസ്മസ് ആശംസകൾ പങ്കുവച്ചു.

24 ആന്റണി കരിയിൽ പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമസ് സന്ദർശിച്ച് ക്രിസ്മസ് ആശംസകൾ നേർന്നു.

24 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം വരാപ്പുഴ അതിരൂപതാ ബിഷപ്സ് ഹൗസ് സന്ദർശിച്ച് ജോസഫ് കളത്തിപ്പറമ്പിൽ പിതാവിന് ക്രിസ്മസ് ആശംസകൾ നേർന്നു.

24 ആന്റണി കരിയിൽ പിതാവ് കടവന്ത്ര പള്ളിയിൽ രാത്രിയിൽ നടന്ന ഇടവക ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്ത് ക്രിസ്മസ് സന്ദേശം പങ്കുവച്ചു.

27 ആന്റണി കരിയിൽ പിതാവ് കാഞ്ഞൂർ ഇടവകയിൽ രാവിലെ ഡീക്കൻ നിഖിൽ പടയാട്ടിലിന് പൗരോഹിത്യപട്ടം നൽകി.

29 ആന്റണി കരിയിൽ പിതാവ് കോടനാട് ഇടവകയിൽ രാവിലെ ഡീക്കൻ എബിൻ ഇടശ്ശേരിക്ക് പൗരോഹിത്യപട്ടം നൽകി.

30 ആന്റണി കരിയിൽ പിതാവ് കുഴുപ്പിള്ളി ഇടവകയിൽ രാവിലെ ഡീക്കൻ അതുൽ മാളിയേക്കലിന് പൗരോഹിത്യപട്ടം നൽകി.

* * * * *


2022
HAPPY NEW YEAR

RNI No. 3421/57
Date of Publication: 01.01.2022

Annual Subscription ₹ 150
Per Copy ₹ 15

# ERNAKULAM MISSAM



*"Let us embrace Jesus
in the little ones of today,
love Him in the least of
our brothers and sisters,
serve Him in the poor.
They are most like Jesus
who was born poor.
It is in them that
He wants to be honoured."*

***POPE FRANCIS,***

***Twitter Message, 26 December 2021***

Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam,
Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and
Printed at Viani Printings, Viani Buildings, No. XXXIX/1524,
Lisie Hospital Road, Ernakulam, Kochi, Kerala - 682 018 and Published from
Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682 031.
Editor: Fr. Jose Pollayil